ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

## ഈ അച്ഛൻ എന്തച്ഛനാ!

2020 ഡിസംബർ 16
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

വില: ₹17.00

# യുറീക്ക



പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം / വാട്സപ്പ് അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919

## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : ഡിസംബർ 30, 2020**




നിർദേശിക്കുന്ന നമ്പറിലേക്ക് അയയ്ക്കുന്ന ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

### വലത്തോട്ട്

1. ക്രിസ്മസ് പാപ്പ.
4. ഒരു ഡയറികൊണ്ട് ലോകത്തെ കീഴടക്കിയ പെൺകുട്ടി.
6. സൂക്ഷിച്ചോ ഒട്ടിക്കും.
7. ഭൗതികശാസ്ത്രപരമായി പദാർഥത്തിന്റെ നാലാമത്തെ അവസ്ഥയാണിത്. ജീവശാസ്ത്രത്തിൽ രക്തത്തിൽ അടങ്ങിയ ഒരു ദ്രാവകവും.

### താഴോട്ട്

1. സാദൃശ്യം ഉള്ളപ്പോഴാണ് ഇങ്ങനെ പറയുക. തുല്യതയുമാണ്.
2. ഒരു വാതകം.
3. പകുത്താൽ കിട്ടുന്നതാണ് ഓഹരിയെന്നോ വീതമെന്നോ ഇഷ്ടപ്പെട്ടത് സ്വീകരിച്ചോളൂ.
4. മോഹം അല്ലെങ്കിൽ ആഗ്രഹം എന്ന് അർഥം.
5. നമ്മുടെ മാഹിയും പോണ്ടിച്ചേരിയും ഒരു കാലത്ത് ഈ രാജ്യത്തിന്റെ കോളനി ആയിരുന്നു.
6. ഭർത്താവിനെ ഇങ്ങനെയും വിളിക്കാം.

തയ്യാറാക്കിയത് : **ജനു**

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

**13/ 2020**

| | | | | |
|---|---|---|---|---|
| 1 | | 2 | | ■ |
| | ■ | | ■ | 3 |
| ■ | 4 | | 5 | |
| 6 | | ■ | | ■ |
| | ■ | 7 | | |

പേര് : ..............................................................

ക്ലാസ് :..............................................................

വീട്ടുവിലാസം :..........................................

..............................................................................

പോസ്റ്റ് :..............................................................

ജില്ല :..............................................................

ഫോൺ :..............................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക
ഇത്രയും ഭാഗം ഫോട്ടോ എടുക്കുക
ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

2020
ഡിസംബർ 16
വാല്യം: 42
ലക്കം: 14

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. ഈ അച്ഛൻ എന്തച്ഛനാ! :
കെ പാപ്പൂട്ടി

14. ദുർഗ്ഗയും അപ്പുവും :
ജന

24. എന്റെ വീട്ടിലെത്തുന്ന കിളികൾ :
നീലി ചന്ദ്രൻ

30. ഐസക് അസിമോവ്
നാളെകളെ സ്വപ്നം കണ്ട
എഴുത്തുകാരൻ :
പ്രവീൺ ചന്ദ്രൻ

## കഥ

18. കാന്തക്കുട്ടി :
ശിവപ്രസാദ് പാലോട്

38. അക്ഷരപ്പെട്ടി :
ശാന്തിദേവി കെ ആർ

## കഥാപരിചയം

10. ഒരു ഡയറിക്കുറിപ്പിന്റെ കഥ :
സി കെ അനിത


## കവിത

9. ഉണ്ടോ? :
രതീശൻ ചെക്കിക്കുളം

13. മണിക്കുട്ടൻ :
രാജഗോപാലൻ, നാട്ടുകൽ

42. ഒഴിവുകാലം :
നാണു ആയഞ്ചേരി

42. പൂവ് :
റഫീക്ക് പൂനത്ത്



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

## നോവൽ


36. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ


## പംക്തികൾ


2. പദപ്രശ്നം
22. കാഴ്ചപ്പുറം
27. ഞാറ്റടി
32. പീക്കിരി.ഇൻ
40. യു.മെയിൽ
43. ഓരോരോന്നോരോന്ന്


## കവർ

റോഷൻ





വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e–mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ് ), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

ഇതെന്താണ് ഇത്ര ബഹളം?

വായിച്ച് ക്ഷീണിച്ചപ്പോൾ അൽപനേരം നടുനീർക്കാമെന്ന് കരുതി ഒന്ന് കിടന്നതേ ഉണ്ടായിരുന്നുള്ളൂ.

എഴുന്നേറ്റ് ജനലിലൂടെ പുറത്തേക്ക് നോക്കി. ഇതെന്ത് കഥ? മുറ്റത്ത് ഇത്തിരി പോലും സ്ഥലം ബാക്കിയില്ല. കുറേ പേനകൾ. പല തരത്തിലുള്ള പേനകൾ. അവർ പരസ്പരം എന്തൊക്കെയോ പറയുകയാണ്. ഗേറ്റിനരികെ ഒരു തീവണ്ടി നിർത്തിയിട്ടിരിക്കുന്നു! ഓടി വന്നതിന്റെ കിതപ്പ് മാറിയിട്ടില്ല. തോട്ടത്തിലെ ചെമ്പക മരത്തിന് ചുവട്ടിൽ ഒരു ആമയും മുയലും. ഓ, അത് റാബിറ്റിയും ടൊർട്ടുനും ആണല്ലോ. തൊട്ടപ്പുറത്ത് ഒരു കറിവേപ്പിലച്ചെടി !!. അങ്ങനെയൊന്ന് അവിടെ ഉണ്ടായിരുന്നില്ലല്ലോ. ഞാൻ സ്വപ്നം കാണുകയാണോ? ഉറപ്പുവരുത്താൻ സ്വയം ഒന്ന് നുള്ളിനോക്കി. അല്ല സ്വപ്നമല്ല.

ഇടതുഭാഗത്തെ മാവിനു മുകളിലും താഴെയുമായി ഒത്തിരിപ്പേർ. ഓ ഇലഞ്ഞിക്കൂട്ടവും കുട്ടിക്കൂട്ടവുമുണ്ട്. രഹാന, ഫസീല, വിജിഷ, നാൻസി, അജീഷ്, അസ്ന, ജോവിൻസ്, ഹസ്ന...

വാതിൽ തുറന്നതും മരത്തിൻ മുകളിലുള്ളവരെല്ലാം അടുത്തേക്ക് ഓടിവന്നു.

ഉംംം ഇതെന്ത്? ഞാൻ അത്ഭുതത്തോടെ കണ്ണുമിഴിച്ചു. എന്താ എല്ലാരും കൂടി?

ഇന്നെത്രെയാ തിയ്യതി? ഒരുചോദ്യം പെട്ടെന്ന് എന്റെ നേരെ വന്നു. റാബിറ്റിയാണെന്നു തോന്നുന്നു.

മുപ്പത്തിയൊന്ന്. ഒരു സംശയവുമില്ലാതെ ഞാൻ മറുപടി പറഞ്ഞു.

ഏത് മുപ്പത്തിയൊന്ന്? ആരാണ് ചോദിച്ചതെന്ന് മനസ്സിലായില്ലെങ്കിലും വളരെ ഗൗരവത്തിലാണ്.


ഡിസംബർ മുപ്പത്തിയൊന്ന്. അതിനിപ്പോഴെന്താണെന്ന മട്ടിൽ ഞാൻ പറഞ്ഞു.

യ്യോ, ഈ മാമന്റെ ഒരു കാര്യം. ചില നേരം വെറും പൊട്ടനാണ്. ഇത്തവണ ശബ്ദം നാൻസിയുടേതാണ്. ഞാനവളെ നോക്കി.

അപ്പോഴേക്കും പേനകളിൽ നിന്ന് ഒന്ന് വിളിച്ചുപറഞ്ഞു. കൊല്ലം തീരുകയല്ലേ. അപ്പോൾ മാമനെ കാണാൻ വന്നതാ ഞങ്ങൾ. കാര്യം കോവിഡ് ഒക്കെ ഉണ്ടെങ്കിലും ഒരു കൊല്ലം തീരുന്നു എന്നു പറയുമ്പോൾ എന്തോ ഒരു വിഷമം.

അതിനെന്താ നാളെത്തൊട്ട് പുതിയ കൊല്ലം പിറക്കില്ലേ. കൊല്ലം എന്നതൊക്കെ നമ്മുടെ ഒരു സങ്കൽപമല്ലേ. കാലത്തിന് അങ്ങനെ പ്രത്യേകിച്ച് കണക്കൊന്നുമില്ലല്ലോ. എന്നു തുടങ്ങിയെന്നോ എവിടേക്ക് പോവു

# അസ്തമയവും ഉദയവും




ന്നെന്നോ ഒന്നും പറയാനാവില്ല.

ചുമ്മാ ഫിലോസഫി പറയാൻ നിക്കല്ലേ മാമാ. ഗേറ്റിനരികിൽ നിന്ന് തീവണ്ടി വിളിച്ച പറഞ്ഞു.

ഫിലോസഫിയൊന്നുമല്ല. അല്ല, നിങ്ങളിപ്പം എന്തുദ്ദേശിച്ചാ എല്ലാരും കൂടെ? ഇവിടെ ഇത്രേം പേർക്ക് തരാനുള്ള കേക്കൊന്നുമില്ല.

എന്നാൽ കേക്ക് എനിക്കു മാത്രം മതി. അജീഷ് ഒച്ച കുറച്ചാണ് പറഞ്ഞത്. പക്ഷേ, അതു കേട്ട് എല്ലാവരും ചിരിച്ചു.

അല്ല ഞങ്ങള് വെറുതേ കഥാപാത്രങ്ങളായി യുറീക്കയുടെ പേജുകളിൽ നിന്നാൽ പോരല്ലോ. എല്ലാവരും ഒന്ന് നേരിട്ട് കണ്ട് പരിചയപ്പെടാം എന്ന് കരുതി. ഒരു ഗെറ്റ് ടുഗദർ. ഈ കൊല്ലം ഇനിയിങ്ങനെ കണ്ടുമുട്ടാൻ കഴിയില്ലല്ലോ. അതു കൊണ്ടാ ഞാൻ എല്ലാവരെയും മെസേജ് കൊടുത്ത് വിളിച്ചത്, അസ്മ പറഞ്ഞു.

പുതുവർഷത്തെ വരവേൽക്കാൻ എല്ലാരും കൂടി വന്നതാ? നന്നായി. ഞാൻ കണ്ണടയെടുത്തു തുടച്ചു.

മാമന്റെ പുതുവർഷ സന്ദേശം എന്താ? മുറ്റത്തിന്റെ മൂലയിൽ നിന്ന് ഒരു നീളൻ പേന ചോദിച്ചു. അവൻ എഴുതാൻ റെഡിയായി കടലാസ്സെല്ലാം കയ്യിലെടുത്താണ് നിൽപ്പ്.

സന്ദേശമോ? അതിപ്പോൾ പ്രത്യേകിച്ച് എന്ത് പറയാനാ? എന്നും പറയാറുള്ളതുതന്നെ. നാളെകളിലേക്ക് നമുക്ക് പ്രതീക്ഷയോടെ നോക്കാം. കോവിഡിന് വാക്സിൻ കണ്ടെത്തുമെന്ന്, സമൂഹത്തിൽ പടരുന്ന ഇരുളിന്റെ നിഴൽ മാഞ്ഞു പോവുമെന്ന്, ജാതീയതയും വർഗീയതയും മാനവികതയ്ക്കു മുമ്പിൽ തോറ്റുപോവുമെന്ന്... ശാസ്ത്രബോധം സമൂഹത്തിന്റെ അടിസ്ഥാനമാവുമെന്ന്...

മനുഷ്യരുടെ ഉള്ളിൽ വെറുപ്പിന്റെയും പകയുടെയും അഹങ്കാരത്തിന്റെയും വിത്തുകൾ പൊട്ടിമുളക്കാതെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും നാമ്പുകൾ കിളിർത്തുവരുമെന്ന് സ്വപ്നം കാണാം. സ്ത്രീകളും പുരുഷന്മാരും തുല്യരായി ജീവിക്കുന്ന ഒരു നാളെ ഉണ്ടാവാൻ വേണ്ടി പ്രവർത്തിക്കാം. പ്രകൃതിയെ നമ്മുടെ ഭാഗമായി കാണുന്ന ഒരു പുതിയ തലമുറ രൂപപ്പെടുമെന്ന് സങ്കൽപ്പിക്കാം. എന്താ പോരേ ഇത്രയൊക്കെ പോരേ. ഞാൻ നിർത്തി.

എന്തോ പറഞ്ഞുതീരാത്ത പോലെ... കുറച്ചു നേരം അവരവിടെത്തന്നെ നിന്നു. പിന്നെ പതുക്കെ അവരൊരുമിച്ച് കൈവീശി. ടാറ്റാാാ...

ടാറ്റാാാ... ഞാനും കൈവീശി.

പെട്ടെന്ന് വെളിച്ചം പരന്നു.

സ്വപ്നത്തിലാണെങ്കിലും അവരുടെ യാത്ര കൺകോണുകളിൽ ഒരു നനവായി പടരുന്നുണ്ടായിരുന്നു.

**യുറീക്കാമാമൻ**

# ഈ അച്ഛൻ ഒരച്ഛനാ!

കെ.പാപ്പൂട്ടി

ചിത്രീകരണം: കെ.സതീഷ്

സ്കൂൾ വിട്ട് വന്നപാടേ ഞാൻ അച്ഛനോട്ടു ചോദിച്ചു, "അച്ഛാ ഞാൻ യോഗ പഠിക്കാൻ ചേരട്ടേ?"

ആഴ്ചപ്പതിപ്പ് വായിക്കുന്നതിനിടയിൽ അശ്രദ്ധയോടെ അച്ഛൻ പറഞ്ഞു, "അതിനെന്താ, ചേർന്നോ. ആരാ ഗുരു? എവിടെവെച്ചാ ക്ലാസ്സ്?"

"സ്കൂളിലെ സംസ്കൃതം മാഷാ ഗുരു. ശനീം ഞായറും രാവിലെ 8 മുതൽ 9 വരെ. മാസം നൂറ്റുറുപ്യ ഫീസു കൊടുക്കണം."

അകത്തുന്ന് ചേച്ചീടെ കുത്തിത്തിരിപ്പ്: "ഇവനെ എന്തായാലും ചേർക്കണം അച്ഛാ. ഫീസ് എത്ര ആയാലും സാരല്യ. സ്കൂളില്ലാത്ത ദിവസം രാവിലെ പത്തുമണി വരെയാ ഇവന്റെ ഉറക്കം. അതു നിക്ക്വല്ലോ."

"ഈ ചേച്ചിക്ക് അസൂയയാണച്ഛാ. രാവിലെ അമ്മ അവളെ കുത്തിപ്പൊക്കും. ഞാനപ്പം മൂടിപ്പുതച്ചു കിടന്ന് സ്വപ്നം കാണും. അതു നഷ്ടപ്പെടുന്നത് കഷ്ടല്ലേ അച്ഛാ?"

"തീർച്ചയായും കഷ്ടാണ്. സ്വപ്നം കാണാഞ്ഞാ എന്തു ജീവിതാ?"

"അദന്നെ. ഈ ചേച്ചിക്ക് ബുദ്ധീല്ല, അല്ലേ അച്ഛാ?"

"അങ്ങനെ പറയാൻ പറ്റ്വോ? അതു പോട്ടെ, യോഗ പഠിച്ചിട്ടെന്താ ഗുണംന്ന് നീ മാഷോട്ടു ചോദിച്ചോ?"





"ഒരുപാട് ഗുണംണ്ടത്രേ. ഓരോ ആസനത്തിനും ഓരോ ഗുണാ. ചിലത് ശ്വസനം നിയന്ത്രിച്ച് മനസ്സിനെ ശാന്തമാക്കും. പിന്നെ ഒരു ടെൻഷനും ഉണ്ടാവില്ല. പഠിക്കാൻ നല്ല ഏകാഗ്രത കിട്ടും. ചില ആസനം കൊണ്ട് വയറൊക്കെ ശരിയാകും. നല്ല ശോധന കിട്ടുത്രെ."

"നെനക്കിപ്പം ശ്വസനത്തിന് എന്തെങ്കിലും തരക്കേടോ മനസ്സിന് ടെൻഷനോ മലശോധനയ്ക്ക് പ്രശ്നമോ വല്ലതും ഉണ്ടോ?"

"അതൊന്നും ഇല്ല. വരാണ്ട് നോക്കാലോ."

അകത്തുന്ന് ചേച്ചീടെ ദൂഷണം : "അവന് ടെൻഷൻ! തിന്ന്വ, കളിക്ക്യ, ഒറങ്ങ്വ; പിന്നേം തിന്ന്വ, കളിക്ക്യ, ഒറങ്ങ്വ. അതിന്റെടയ്ക്ക് എന്നെ ഉപദ്രവിക്ക്യ. വേറെന്താ പണി?"

അച്ഛൻ പറഞ്ഞു, "ചേച്ചി എന്തെങ്കിലും പറയട്ടെ. യോഗകൊണ്ട് ഏകാഗ്രത കിട്ട്വോങ്കി നല്ലതാ. പക്ഷേ, നിനക്ക് ഏകാഗ്രതയ്ക്ക് കുറവൊന്നും കാണുന്നില്ലല്ലോ."

"അതെങ്ങനയാ അറിയ്വ? എനിക്കാ സാധനം എന്താന്നു തന്നെ മനസ്സിലായിട്ടില്ല."

"എന്തെങ്കിലും ചെയ്യുമ്പം ശ്രദ്ധ പതറിപ്പോകാതിരിക്കുന്നതാണ് ഏകാഗ്രത. ഇന്നലെ രാത്രീല് അമ്മ നിന്നെ ഊണുകഴിക്കാൻ എത്ര തവണയാ വിളിച്ചത്! എന്താ നീ കേൾക്കാഞ്ഞെ?"

"അത് ഞാൻ ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' വായിക്ക്യല്ലാരുന്നോ. നോവലും കഥേം വായിക്കുമ്പം വേറെന്തെങ്കിലും ശ്രദ്ധിക്കാൻ പറ്റ്വോ?"

"ടീവീല് സിനിമ കാണുമ്പോം ചേച്ചീടെ കൂടെ ചെസ്സ് കളിക്കുമ്പോം അങ്ങനെ തന്നെയല്ലേ? അപ്പം നിനക്ക് ഇഷ്ടംള്ള കാര്യങ്ങൾ ചെയ്യുമ്പം നല്ല ഏകാഗ്രതയുണ്ട്, അല്ലേ ഹിന്ദി പഠിക്കുമ്പഴോ?"

"അയ്യ, അപ്പഴല്ലേ ഞാൻ ലോകത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിക്ക്യ; ഹിന്ദി ഒഴികെ."

"അപ്പം ഏകാഗ്രത എന്നു പറയുന്നത് നമ്മടെ ഇഷ്ടോം ആയിട്ടുകൂടി ബന്ധപ്പെട്ട കാര്യാ, അല്ലേ? എനിക്കും സ്കൂളില് പഠിക്കുമ്പം ഹിന്ദി ഇഷ്ടല്ലാരുന്നു. എട്ടാം ക്ലാസ്സില് ഒരു പുതിയ ഹിന്ദിട്ടീച്ചർ വന്നു. അവര് ക്ലാസ്സില് വെച്ച് പതുക്കെ ലതാമങ്കേഷ്ക്കറിന്റേം മുഹമ്മദ് റഫീടേം തലത്ത് മഹമൂദിന്റേം ഒക്കെ പാട്ടുപാടി അർഥം



പറഞ്ഞുതരും. അന്നുതൊട്ട് ഹിന്ദിയോട് നല്ല ഇഷ്ടായി."

"എന്നാ അച്ഛൻ എനിക്കും ഹിന്ദി പാട്ടിന്റെ അർഥം പറഞ്ഞു താ."


"അതിന് പുതിയ പാട്ടൊന്നും എനിക്കറിയില്ലല്ലോ. എന്തായാലും ഇഷ്ടം ഇല്ലാണ്ട് ഏകാഗ്രത കിട്ടാൻ പ്രയാസാ. ചെല സമയത്ത് അതില്ലാത്തതാ ഗുണം ചെയ്യ്യ."

"അതെപ്പഴാ?"

"നീ ഗലീലിയോയുടെ കഥ കേട്ടിട്ടില്ലേ? നാലു നൂറ്റാണ്ട് മുമ്പാ. മൂപ്പര് പള്ളീല് കുർബാന കണ്ടോണ്ടിരിക്ക്യാ. പക്ഷേ, ശ്രദ്ധിക്കുന്നത് മോളീന്ന് തൂക്കിയിട്ട ഒരു തൂക്കുവിളക്കില്. കാറ്റത്ത് അതങ്ങനെ ആടുന്നുണ്ട്. ഗലീലിയോ ശ്രദ്ധിച്ചു; വിളക്ക് പതുക്കെ ആടിയാലും നീളത്തിൽ ആടിയാലും ഒര് ആട്ടത്തിന് എടുക്കുന്ന സമയം ഒന്നുതന്നെ ആണോന്ന് ഒരു സംശയം. എങ്ങനയാ അളക്ക്വ. വാച്ചും ക്ലോക്കും ഒന്നും ഇല്ലാത്ത കാലം അല്ലേ. മൂപ്പര് നാഡിമിടിപ്പ് നോക്കി പരിശോധിക്കാൻ തീരുമാനിച്ചു. പതുക്കെ ആടുമ്പം 50 തവണ ആടാൻ എത്ര നാഡിമിടിപ്പ് വേണം, ദൂരേയ്ക്ക് ആടുമ്പം 50 ആട്ടത്തിന് എത്ര നാഡിമിടിപ്പ് വേണം. തന്റെ നിഗമനം ശരിയാണെന്നു ബോധ്യമായി. വീട്ടിൽ വന്ന് ചരടിൽ കല്ലുകെട്ടിത്തൂക്കി ആട്ടി നോക്കി, ശരി തന്നെ. പതുക്കെ ആട്ടിയാലും ശക്തീലാട്ടിയാലും ഒരേ സമയം. ഇതാണ് ഇപ്പം നിന്റെ ചേച്ചിയൊക്കെ ലാബിൽ ചെയ്യുന്ന പെൻഡുലം പരീക്ഷണം. ഈ തത്ത്വം ഉപയോഗിച്ചാണ് പിന്നീട് ക്രിസ്റ്റ്യൻ ഹൈജൻസ് എന്ന ഡച്ച് ശാസ്ത്രജ്ഞൻ ആദ്യത്തെ പെൻഡുലം ക്ലോക്ക് ഉണ്ടാക്കിയത്. ഗലീലിയോ അന്ന് പള്ളിയിലെ പ്രാർഥനയിൽ കൂടുതൽ ഏകാഗ്രത കാണിച്ചിരുന്നെങ്കിൽ പെൻഡുലത്തിന്റെ തത്ത്വം കണ്ടുപിടിക്കുമാരുന്നോ?"

ചേച്ചി പുസ്തകമൊക്കെ മടക്കിവെച്ച് കഥ കേൾക്കാൻ അരിച്ചരിച്ച് അച്ഛന്റെ അടുത്തെത്തിയിരുന്നു. അച്ഛൻ പറഞ്ഞു, "ഇങ്ങനെ ഒരു ഏകാഗ്രത നഷ്ടം ന്യൂട്ടനും ഗുണംചെയ്തിട്ടുണ്ട്."

"എന്നാ അതുകൂടി പറ", ചേച്ചിക്കാണ് ധൃതി.



ഗലീലിയോ



ന്യൂട്ടൻ



ഉറൂബ്

"ന്യൂട്ടൻ കേംബ്രിഡ്ജിൽ പഠിക്കുന്ന കാലത്ത് ലണ്ടനിൽ ഭയങ്കര പ്ലേഗ് ബാധയുണ്ടായി. ഇപ്പഴത്തെ കോവിഡിനേക്കാൾ ഭയങ്കരം. ന്യൂട്ടൻ ഗ്രാമത്തിലെ തന്റെ വീട്ടിലേക്ക് പോന്നു. തലനിറയെ ശാസ്ത്രോം ഗണിതവുമാണ്. ഒരു ദിവസം തോട്ടത്തിൽ ഒരു ആപ്പിൾമരത്തിന്റെ ചോട്ടിൽ എന്തോ ചിന്തയിൽ മുഴുകി ഇരിക്കുമ്പം 'ഡും', ഒരാപ്പിളതാ തലേല്. ഏകാഗ്രത അതോടെ പോയി. എണീറ്റ് തലതിരുമ്മിക്കഴിഞ്ഞപ്പം ഒരു പുതിയ ചിന്ത: ഈ ആപ്പിളെന്തിനാ കുത്തനെ താഴോട്ടു വീണെ, അൽപ്പം ചെരിഞ്ഞുവീണാലെന്താ? അല്ലെങ്കി മുകളിലേയ്ക്ക് പൊങ്ങിപ്പോയിക്കൂടെ. അന്നു മുഴുവൻ പിന്നെ അതായി ആലോചന. സന്ധ്യയ്ക്ക് നോക്കുമ്പം ചന്ദ്രനുണ്ട് തലയ്ക്കു മുകളിൽ. ഈ ചന്ദ്രനെന്തിനാ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നെ എന്നായി അപ്പഴ് ചിന്ത. ചന്ദ്രൻ ദൂരേയ്ക്ക് എന്താ അകന്നുപോകാത്തെ? എന്റെ തലേല് ആപ്പിള് വീണതും ചന്ദ്രൻ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നതും ഒരേ കാരണം കൊണ്ട്– ഭൂമീടെ ആകർഷണം കൊണ്ട് – ആയിരിക്കില്ലേ? അങ്ങനെയാണെങ്കിൽ ആ ആകർഷണത്തിന്റെ നിയമം എന്താണ്? അങ്ങനെ ഒരു പുതിയ ഏകാഗ്രചിന്തയിൽ ന്യൂട്ടൻ മുഴുകി. അതിന്റെ ഫലമാണ് ഇപ്പം ചേച്ചിയൊക്കെ പഠിക്കുന്ന ന്യൂട്ടന്റെ സാർവത്രിക ഗുരുത്വനിയമം."

"അപ്പം അധികം ഏകാഗ്രത വേണ്ടല്ലേ? യോഗ ക്ലാസ്സൊന്നും വേണ്ട അല്ലേ? രാവിലെ മൂടിപ്പുതച്ച് കിടന്നുറങ്ങി സ്വപ്നം കണ്ട് ചേച്ചിയെ അസൂയപ്പെടുത്താം, അല്ലേ അച്ഛാ?"

ചേച്ചി പറഞ്ഞു, "ഈ അച്ഛനെന്ത് അച്ഛനാ. അവനെ എന്തായാലും യോഗയ്ക്ക് ചേർക്കണം. അവന് നോവൽ വായിക്കാനും സിനിമ കാണാനുമേ ഏകാഗ്രതയുള്ളൂ. പഠിക്കാൻ ഒട്ടും ഇല്ല."

അച്ഛൻ പറഞ്ഞു, "ഏകാഗ്രത അത്യാവശ്യമാണ്. അത് ഇഷ്ടംകൊണ്ട് ഉണ്ടാകണെന്നേ ഞാൻ പറഞ്ഞുള്ളൂ. മോൻ കളികഴിഞ്ഞു വന്നതല്ലേ. പോയി കുളിച്ച് കുപ്പായം മാറ്റി വന്ന് ചായ കുടിക്ക്."



# ഉണ്ടോ?

**രതീശൻ ചെക്കിക്കുളം**

ചിത്രീകരണം: സൂരജ് കക്കറയിൽ



നട്ടു വളർത്തീട്ടുണ്ടോ
നീയൊരു
വൃക്ഷത്തെയീ മണ്ണിൽ..?
തൊട്ടു കൊടുത്തിട്ടുണ്ടോ
നീയൊരു
പക്ഷിക്കുഞ്ഞിനു തണ്ണീർ..?

അണ്ണാനെപ്പോൽ
മാവിൻകൊമ്പത്തു
ഞ്ഞാലാടീട്ടുണ്ടോ..?
മാങ്ങാച്ചുനയിൽ
പൊളളിീറ്റുണ്ടോ?
മണ്ണുപെരങ്ങീട്ടുണ്ടോ?

വെള്ളം തേടിപ്പോകും
വേരിൻ
പാട്ടുകൾ കേട്ടിട്ടുണ്ടോ?
വേനൽ വരുമ്പോളുരുകും
മണ്ണിൻ
വേദന കണ്ടിട്ടുണ്ടോ?

പൂ വിരിയുന്നത്
കേട്ടിട്ടുണ്ടോ?
പുഴയിലിറങ്ങീട്ടുണ്ടോ..?
മഴയിൽ കയറി
പോയിട്ടുണ്ടോ ?
മനം നനഞ്ഞിട്ടുണ്ടോ..?

മഴവില്ലിന്റെ
നിറങ്ങളുമെണ്ണി
മലർന്നു കിടക്കും നേരം
തിരവന്നെല്ലാം
മായ്ച്ചു മടങ്ങി
പ്പോന്നതുകണ്ടിട്ടുണ്ടോ?

നട്ടു വളർത്തീട്ടുണ്ടോ നീയൊരു
വൃക്ഷത്തെയീ മണ്ണിൽ..?
തൊട്ടു കൊടുത്തിട്ടുണ്ടോ നീയൊരു
പക്ഷിക്കുഞ്ഞിനു തണ്ണീർ..?

✷

**റഷ്യൻ എഴുത്തുകാരനായ മാക്സിം ഗോർക്കിയുടെ 'മീഷാ' എന്ന കഥ പരിചയപ്പെടുത്തുന്നു**

# ഒരു ഡയറിക്കുറിപ്പിന്റെ കഥ

**സി കെ അനിത**



ചിത്രീകരണം: കെ.സതീഷ്

ജനാലയോട് ചേർത്തിട്ടിരിക്കുന്ന മേശയ്ക്കരികിൽ, കസേരയിലിരുന്ന് അവൻ എഴുതുകയാണ്:

*ഇതൊരു ഡയറിയാണ്...*

*ഈ നല്ല പുസ്തകം അച്ഛൻ തന്നതാണ്. മനസ്സിൽ തോന്നുന്നതെല്ലാം ഇതിലെഴുതണമെന്നാണ് അച്ഛൻ പറഞ്ഞിരിക്കുന്നത്.*

*ഇത് നല്ല രസമുള്ള പണി തന്നെ...*

പുറത്ത് ആലിപ്പഴങ്ങൾ പൊഴിഞ്ഞുവീഴുന്നുണ്ട്. അവ ജനാലച്ചില്ലിൽ തട്ടുമ്പോഴുള്ള ക്ടിൻ... ക്ടിൻ... ശബ്ദം കേൾക്കാം.

ശ്ശോ! പറയാൻ മറന്നു. റഷ്യയിലെ ഒരു വീട്ടിലാണ് നമ്മളിപ്പോൾ നിൽക്കുന്നത്.

ഈ ഡയറിയെഴുത്തുകാരനുണ്ടല്ലോ, അവനാണ് മീഷാ. കണ്ടാലൊരു കുസൃതിക്കുട്ടൻ തന്നെ.

ഇവനെന്താണിങ്ങനെ അടങ്ങിയിരിക്കുന്നത് എന്നാവും നിങ്ങളുടെ ചിന്ത! ഈ കാലാവസ്ഥയാണ് വില്ലൻ. പുറത്തിറങ്ങാൻ പറ്റില്ല. പിന്നെന്തുചെയ്യും?

വീട്ടിലുള്ളവരെ ശല്യം ചെയ്യുക തന്നെ.

വീട്ടിൽ അച്ഛനുണ്ട്; പുസ്തകവായനയും എഴുത്തും പഠനവും.

അമ്മയുണ്ട്; തീരാത്ത വീട്ടുജോലികളാണ്.

പിന്നെയുമുണ്ട് വേറൊരാൾ; സീനിയാ ഇവാനോവ്. വളർത്തമ്മയാണ്. സദാസമയവും 'അതു പഠിക്ക്' 'ഇതുപഠിക്ക്' എന്നു പറഞ്ഞ് പുറകേ നടപ്പാണ് പ്രധാന പണി. പോരേ?

ഹൊ! ഈ മുതിർന്നവരുടെ കാര്യം! എന്തു ചോദിച്ചാലും ഉപദ്രവിക്കാതിരിക്കൂ... ഉപദ്രവിക്കാതിരിക്കൂ... എന്നാണ് മറുപടി. കേട്ടുകേട്ട് മടുത്തിരിപ്പാണ് മീഷാ.

***



*മാക്സിം ഗോർക്കി*

'ഛെ! നീ പിന്നെയും വന്നോ?'

'ഇതാ ഞാൻ എഴുതിത്തുടങ്ങിയല്ലോ. ശരിയാകുന്നുണ്ടോ എന്നൊന്നു നോക്കൂ.' പുസ്തകം ഉയർത്തിപ്പിടിച്ച് അവൻ പറഞ്ഞു.

'നല്ലത്.' അച്ഛൻ അവനെഴുതിയതിലെ അക്ഷരത്തെറ്റുകൾ ചൂണ്ടിക്കാണിച്ചു.

'ഇനി ഞാനെന്തെഴുതും?'

'നിനക്കിഷ്ടമുള്ളതെന്തും എഴുതാമല്ലോ. ഒരു കവിതയെഴുതി നോക്കൂ...'

'കവിതയോ? ഏതു കവിത?'

'ഏതു കവിതയെന്നോ? സ്വന്തമായി ഒരു കവിതയുണ്ടാക്കി എഴുതാമല്ലോ. വേഗം പൊയ്ക്കോളൂ. വല്ലാത്ത ഉപദ്രവം തന്നെ.'

അച്ഛൻ അവനെപ്പിടിച്ചു പുറത്താക്കി വാതിലടച്ചു കളഞ്ഞു.

ഹൊ! എന്തൊരു മര്യാദകേടാണിത്?
പാവം മീഷാ!!
അൽപസമയത്തിനു ശേഷം :
'അമ്മേ, ഞാനൊരു കവിതയെഴുതി.'
ആ രണ്ടുവരിക്കവിത അമ്മയെ കൊണ്ടൊന്നു വായിപ്പിക്കാൻ അവൻ എത്ര പാടുപെട്ടെന്നോ?
'ഈ കവിതയെഴുതാൻ അച്ഛൻ നിന്നെ സഹായിച്ചുകാണും. ഇല്ലേ മീഷാ? പക്ഷേ, ഇതിലെത്രയാ അക്ഷരത്തെറ്റ്!'
അമ്മ കവിതയിലെ തെറ്റുകൾ തിരുത്തിയെഴുതി പുസ്തകം അവന് തിരിച്ചുകൊടുത്തു. അച്ഛൻ സഹായിച്ചെന്നോ. കവിതയിലും അക്ഷരത്തെറ്റുണ്ടെന്നോ. അവന്റെ മുഖം മങ്ങി.
'മീഷാ,' എന്നെ ബുദ്ധിമുട്ടിക്കാതെ പോയി എന്തെങ്കിലും ചെയ്യൂ.
അമ്മ തിടുക്കപ്പെട്ട് നടന്നുപോയി.
***
അടച്ചുപൂട്ടിയ വാതിൽ.
താക്കോൽപ്പഴുതിലേക്ക് കുനിഞ്ഞ് ആകാവുന്നത്ര ഉച്ചത്തിൽ സ്വന്തം കവിത ചൊല്ലുകയാണ് മീഷാ. അച്ഛൻ കേൾക്കാൻ വേണ്ടിയാണ്. അവന്റെ വരവ് മുൻകൂട്ടിക്കണ്ടാവണം അച്ഛൻ ആ വാതിൽ പൂട്ടിക്കളഞ്ഞത്...
***
ദാ, നോക്കൂ... മുറിയിലെ ജനൽച്ചില്ലിൽ മുഖമമർത്തി നിൽക്കുകയാണ് മീഷാ. മേശപ്പുറത്ത് തുറന്നുവച്ച ആ ഡയറി നമുക്ക് വായിക്കാം.




*അച്ഛൻ എന്നെ പറ്റിച്ചതാണ്. ഡയറിയെഴുതുന്നത് വളരെ രസകരമാണെന്നാണ് അച്ഛൻ പറഞ്ഞത്. എല്ലാം വെറുതെയാണ് എന്നെനിക്കറിയാം. അച്ഛന്റെയടുക്കൽ നിന്ന് എന്നെ മാറ്റിനിർത്താൻ വേണ്ടിയാണിതെല്ലാം. വെള്ളികൊണ്ടുള്ള ആ പെട്ടിയെടുത്തു കളിച്ചതിന് ഇന്നലെ എന്നെ എന്തുമാത്രം വഴക്കു പറഞ്ഞു. ആ പാട്ടുകാരിപ്പെണ്ണ് ഒരു കപ്പ് പൊട്ടിച്ചപ്പോഴാകട്ടെ അതു സാരമില്ലെന്നും. അതു ഞാനായിരുന്നെങ്കിൽ! ആവൂ, പിന്നെയൊരവസാനമുണ്ടോ?*

പുറത്ത്, കെട്ടിടത്തിന്റെ മുകൾഭാഗത്തായി മഞ്ഞച്ചുണ്ടും തവിട്ട് ചിറകുമുള്ള ഒരു കുരുവിയിരിപ്പുണ്ട്. അത് തന്റെ ചിറകുകൾ കോതിക്കോതി മിനുക്കുകയാണ്. അതിനെത്തന്നെ സൂക്ഷിച്ചുനോക്കി നിൽക്കുകയാണ് മീഷാ. അവന്റെ ചുണ്ടുകൾ വിതുമ്പുന്നുണ്ട്.
***
'ഉപദ്രവിക്കാതിരിക്കൂ...' അച്ഛന്റെ ശബ്ദം അനുകരിച്ച് മീഷാ

പറഞ്ഞു. പുസ്തകത്തിൽ നിന്ന് അവൻ മുഖമുയർത്തിയതേയില്ല.

സീനിയ ഇവാനോവ് – അവന്റെ വളർത്തമ്മ, അന്തംവിട്ട് നിൽപ്പാണ്.


എത്ര പേജുകളാണ് ഈ കുട്ടി എഴുതി നിറച്ചിരിക്കുന്നത്! അവർ കുനിഞ്ഞ് അവൻ എഴുതുന്നത് വായിക്കാൻ ശ്രമിച്ചു. അവരുടെ മുഖം ചുവന്നുതുടുത്തു. അവരുടെ പരന്ന മൂക്കായിരുന്നു അവന്റെ പുതിയ രചനാവിഷയം.

'ഹൊ! നീയെന്തൊക്കെയാണ് എഴുതിക്കൂട്ടുന്നത്. നിന്റെ അമ്മയെ വിളിച്ച് കാണിക്കാം ഞാൻ.' കോപംകൊണ്ട് ചുവന്നുതുടുത്ത മുഖവുമായി അവർ മുറിക്ക് പുറത്തേക്ക് കുതിക്കുകയാണ്.

നമ്മുടെ കഥാനായകനുണ്ടോ വല്ല കുലുക്കവും!

***

മീഷാ ഇപ്പോൾ അവന്റെ അച്ഛന്റെ മടിയിലിരിക്കുകയാണ്. അവന്റെ അച്ഛൻ ആ ഡയറിയിലൂടെ കണ്ണോടിക്കുന്നു. സന്തോഷംകൊണ്ട് അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങുന്നു. ഒപ്പം ചിരിയടക്കാൻ പാടുപെടുന്നുമുണ്ട് അദ്ദേഹം.



തൊട്ടടുത്ത് നീളൻ തലയണയിൽ മുഖമൊളിപ്പിച്ചിരിപ്പാണ് അമ്മ. അവരുടെ ചുമലുകൾ കുലുങ്ങിക്കൊണ്ടിരുന്നു. അവർ നിർത്താതെ ചിരിക്കുകയാണെന്ന് വ്യക്തം.

'മീഷാ' അച്ഛൻ അവന്റെ കണ്ണുകളിലേക്ക് നോക്കി.

'നിന്നെ സങ്കടപ്പെടുത്തണമെന്ന് ഞാനോ നിന്റെ അമ്മയോ ഒട്ടും കരുതിയിട്ടില്ല. എന്നാലും നീ എഴുതിക്കൂട്ടിയതെല്ലാം വായിക്കുമ്പോൾ....

'അച്ഛനല്ലേ പറഞ്ഞത് ഇഷ്ടമുള്ളതെന്തും എഴുതാൻ...''

'ശരിയാണ്. നിന്റെ കവിതയുണ്ടല്ലോ... അത് ഗംഭീരമായിട്ടുണ്ട്. മീഷായുടെ കണ്ണുകൾ വിടർന്നു. പക്ഷേ, മീഷാ, സീനിയാ ഇവാനോവിനെപ്പറ്റി നീ അത്തരത്തിൽ എഴുതരുതായിരുന്നു. ശരി തന്നെയാണ്. അവൾക്ക് പരന്ന മൂക്കാണുള്ളത്. പക്ഷേ, അതവളെ ഓർമിപ്പിക്കേണ്ടതില്ല. നിന്റെ മുഖത്ത് നിറയെ പുള്ളിക്കുത്തുകളുണ്ടല്ലോ. അതുകൊണ്ട് 'പുള്ളിക്കുത്തുള്ളവൻ' എന്ന് നിന്നെ വിളിച്ചാൽ ഇഷ്ടമാകുമോ? ഇല്ലല്ലോ?'

'ഇല്ലേയില്ല, ഇല്ലേയില്ല.'

മീഷാ അച്ഛനെ കെട്ടിപ്പിടിച്ച് പൊട്ടിച്ചിരിച്ചു.

അച്ഛനും അവനൊപ്പം ചിരിക്കാൻ തുടങ്ങി. അങ്ങനെ മീഷായുടെ ഡയറിയെഴുത്ത് ഒരു കൂട്ടച്ചിരിയിൽ അവസാനിക്കുകയാണ്.


കൂട്ടുകാരേ, നമുക്കും ഒന്നു പൊട്ടിച്ചിരിച്ചാലോ അവർക്കൊപ്പം...



# മണിക്കുട്ടൻ

രാജഗോപാലൻ, നാട്ടുകൽ

ചിത്രീകരണം: കെ.സതീഷ്



'കുളിക്കാൻ വാ
കളിക്കാൻ വാ
പഠിക്കാൻ വാ'
വിളിക്കമ്മേ!

കുളിക്കാനായ്
വിളിക്കുമ്പോൾ
വെളുക്കനെ
ചിരിച്ചിട്ട്
നെടുനീളെ
പതുങ്ങീട്ട്
നടക്കുന്നു
മണിക്കുട്ടൻ.

കളിപ്പാട്ട-
പ്പൊതി പോലെ
അടിത്തട്ടിൽ-
ക്കിടക്കുന്ന
വിലപ്പെട്ട
പവിഴച്ചെ-
പ്പനക്കാതെ-
യിളക്കാതെ
കളിക്കുന്നു
മണിക്കുട്ടൻ
തിമർക്കുന്നു
മണിക്കുട്ടൻ.

തലയ്ക്കു കൈ
കൊടുത്തിട്ട്
മഴക്കാറിൻ
മരം ചാരി
മയങ്ങുന്നു-
ണ്ടിടയ്ക്കൊക്കെ
മണിക്കുട്ടൻ
മടിക്കുട്ടൻ.

പതുക്കനെ-
യെഴുന്നേറ്റ്
ഇളം നീല-
യുടുപ്പിട്ട
മിടുക്കികൾ-
ക്കടുത്തെത്തി
കിളിത്തട്ടു
കളിച്ചീടാൻ
ക്ഷണിക്കുന്നു
മണിക്കുട്ടൻ.

ഇടയ്ക്കൊക്കെ
മുകിലാന-
പ്പുറത്തേറി
പകൽക്കാഴ്ച
നുണഞ്ഞിട്ടും
പടിഞ്ഞാട്ട്
നടന്നുപോയ്
ചുവപ്പിന്റെ
ചരൽക്കുന്നിൻ
മുനമ്പേറി-
ച്ചിരിക്കുന്നു
മണിക്കുട്ടൻ.

'കുളിക്കാൻ വാ
കളിക്കാൻ വാ
പഠിക്കാൻ വാ'
വിളിക്കമ്മേ!

നിനയ്ക്കാതെ-
യിരിക്കുമ്പോൾ
കുളത്തിലേ-
യ്ക്കിറങ്ങുന്നു
തിരക്കോളിൽ
തല മുക്കി-
ക്കളിക്കുന്നു
കുളിക്കുന്നു.
നിലാത്തൊട്ടിലി-
നകത്തുള്ള
ചെറുതിങ്കൾ-
പ്രതിബിംബം
മൃദുസ്മേരം
പൊഴിക്കുമ്പോൾ
എടുത്തൊന്നു
മുകർന്നിട്ടും

കുറച്ചിട
കഴിയുമ്പോൾ
തുടുപ്പിന്റെ-
യുടുപ്പിട്ട്
ഇരുട്ടിന്റെ
മറ നീക്കി
പുതു പുത്തൻ
കിനാവുമായ്
കിഴക്കിന്റെ
പടിവാതിൽ
തുറക്കുന്നു
ചുണക്കുട്ടൻ.

ലോകം കണ്ട മികച്ച ചലച്ചിത്ര സംവിധായകരിൽ ഒരാളായിരുന്നു സത്യജിത്ത് റായ്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് ഇത്. റായുടെ പഥേർ പാഞ്ചലി എന്ന സിനിമയെക്കുറിച്ച് വായിക്കൂ...

# ദുർഗയും അപ്പുവും



ജനു

ചിത്രീകരണം: കെ.സതീഷ്

ആരാ അവിടെ.....? ഇവിടെ നോക്ക്... ആ പെണ്ണ് തന്നെ...! ഇനി ഒരൊറ്റ പഴം ബാക്കിണ്ടാവില്ല...

അയൽപക്കത്തെ വലിയ വീട്ടുകാരുടെ പറമ്പിൽനിന്ന് പേരക്ക മോഷ്ടിച്ച ദുർഗയെ ആ വിട്ടിലെ അമ്മായി ശകാരിക്കുകയാണ്.


ദുർഗ ഓടിക്കളഞ്ഞു. വഴിയിലിറങ്ങിയപ്പോൾ അമ്മയുണ്ട് കിണറ്റിൽ നിന്ന് വെള്ളം കോരാനായിട്ട് വരുന്നു. ദുർഗ അമ്മ കടന്നു പോവുന്നതുവരെ ഒളിച്ചിരുന്നു. പിന്നെ വഴിയിലിറങ്ങി വീട്ടിലേക്ക് നടന്നു.

അമ്മായി പറയുന്ന ചീത്തയൊക്കെ പിന്നെ കേട്ടത് അമ്മയാണ്.

അയ്യയ്യോ! എന്തൊക്കെയാ അവരു വിളിച്ചു പറയുന്നത്!

പറമ്പ് ഞങ്ങളുടെയാണ്. കാശു കൊടുത്തു

## അംഗീകാരങ്ങളുടെ പെരുമഴ



മഹാനായ ചലച്ചിത്രകാരൻ സത്യജിത്ത് റായെത്തേടി നിരവധി ബഹുമതികളാണ് വന്നത്. ഇന്ത്യാ ഗവൺമെന്റ് ബഹുമാനസൂചകമായി മൂന്ന് 'പദ്മ' പുരസ്കാരങ്ങൾ കൊടുത്ത് അദ്ദേഹത്തെ ആദരിച്ചു. പരമോന്നത ബഹുമതിയായ ഭാരതരത്നവും റായ് നേടിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് നൽകുന്ന ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ 32 എണ്ണം അദ്ദേഹം നേടി.

ഓക്സ്ഫഡ് യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് ബഹുമതി നൽകിയാണ് അദ്ദേഹത്തെ ആദരിച്ചത്. ഫ്രഞ്ച് ഗവൺമെന്റ് അദ്ദേഹത്തിന് ലീജിയൻ ഓഫ് ഓണർ നൽകി.

ദാദാസാഹേബ് ഫാൽക്കേ പുരസ്കാരം, സമഗ്ര സംഭാവനയ്ക്കുള്ള അക്കാദമി ഓഫ് മോഷൻ പിക്ചർ ആന്റ് സയൻസസിന്റെ ഓസ്കാർ പുരസ്കാരം ജപ്പാന്റെ അകിര കുറസോവ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

വാങ്ങിയതാണ്. ഇങ്ങനെയായാൽ പറമ്പിനു ചുറ്റും വേലി കെട്ടേണ്ടിവരും. കായും കനിയുമൊക്കെ ഞങ്ങൾക്ക് കിട്ടണ്ടേ? കള്ളന്മാർക്ക് ഒരു കുറവുല്ല...

ആരാ കട്ടത്?

ആ ഹരിയുടെ പെണ്ണ്, അല്ലാതാരാ...? മക്കളെ നന്നായി വളർത്താത്തതു കൊണ്ടാ. മുതിർന്നവർ പഠിപ്പിക്കുന്നതല്ലേ കുട്ടികൾ ചെയ്യാ..!

പാവം ദുർഗ...

അവൾ ഒരു ചെറിയ കുട്ടിയാണ്. ദാരിദ്ര്യംകൊണ്ട് വലയുന്ന ഒരു ബംഗാളി കുടുംബത്തിലെ അംഗം.

അച്ഛൻ ഹരിഹർ റായ് കവിയാണ്; പണ്ഡിതനാണ്; പുരോഹിതനും. പുരോഹിതവൃത്തിയിൽ നിന്നു ലഭിക്കുന്ന ചെറിയ വരുമാനം കൊണ്ടാണ് ഹരിഹർ കുടുംബം പോറ്റുന്നത്. അതിന് ദുർഗയുടെ അമ്മ സർവജയ എന്തുമാത്രം കഷ്ടപ്പെടുന്നുണ്ടെന്നോ? അതിന്റെ കൂടെ അയൽക്കാരുടെ ചീത്തയും!




പകലൊക്കെ ദുർഗ അലഞ്ഞു തിരിയും. കാട്ടിലും മേട്ടിലും അലഞ്ഞ്, കായും കനിയും പെറുക്കിത്തിന്ന് അങ്ങനെ നടക്കും. വിശപ്പുകൊണ്ട് നടത്തുന്ന കുഞ്ഞുകുഞ്ഞു മോഷണങ്ങളും കളിയും അലച്ചിലും കഴിഞ്ഞാൽ ദുർഗ മുത്തശ്ശിയുടെ അരികിൽ വന്നിരിക്കും.

ഹരിഹറിന്റെ ഏതോ വകയിലെ വൃദ്ധയായ ഒരമ്മായിയാണ് ഇന്ദിർ മുത്തശ്ശി. കൂടെക്കൂടെ പിണങ്ങിപ്പോകുകയും വീണ്ടും തിരിച്ചുവരികയും ചെയ്യുന്ന മുത്തശ്ശിയെ ദുർഗയ്ക്ക് ഇഷ്ടമാണ്. അവിടുന്നും ഇവിടുന്നും സമ്പാദിക്കുന്ന പഴങ്ങളുടെ ഒരു പങ്ക് ദുർഗ കൊടുക്കുന്നത് മുത്തശ്ശിക്കാണ്.

അങ്ങനെയിരിക്കെ ദുർഗയ്ക്ക് ഒരു അനിയൻ പിറന്നു. അപു. വിടർന്ന കണ്ണുകളോടെ ദുർഗ അപുവിനെ നോക്കിയിരുന്നുപോയി.

അപു വളരുകയാണ്. അവൻ പഠിക്കാൻ പോകുന്നുണ്ട്. വീട്ടിലോ, പട്ടിണിയും ദുരിതവും ഏറി വരികയും. കാട്ടിലും മേട്ടിലും ഒക്കെ അലയുമ്പോൾ ദുർഗയൊന്നിച്ച് ഇപ്പോൾ അപുവുമുണ്ട്.

അവർ തമ്മിൽ ഇടക്ക് വഴക്ക് കൂടും. തല്ലും. പിണങ്ങും. എന്നാൽ വേർപിരിയാൻ ആവാത്ത ഇഷ്ടമുണ്ടായിരുന്നു, അവർ തമ്മിൽ. അവൻ പള്ളിക്കൂടത്തിൽ പോകുമ്പോൾ ദുർഗ കൂടെയുണ്ട്. അനിയന് കാട്ടുപഴങ്ങളും മറ്റും പറിച്ചുകൊടുക്കാനും അവളുണ്ട്.

ദുർഗയെ എല്ലാവരും കള്ളിയായിട്ടാണല്ലോ കാണുന്നത്. അവൾ അയൽ വീട്ടിലെ കുട്ടിയുടെ നെക്ക്ലേസ് മോഷ്ടിച്ചുവത്രെ! പലഹാരം കൊണ്ടുനടന്നു വിൽക്കുന്ന ഒരാളുടെ പിന്നാലെ ദുർഗയും അപുവും ആ വീട്ടിൽ പോയിരുന്നു. അപ്പോഴാണ് കട്ടത്! അമ്മായിയും മക്കളും ദുർഗയുടെ വീട്ടിൽ എത്തി. മകൾ അതിക്രമിച്ച് അകത്ത് കയറി ദുർഗയുടെ കുഞ്ഞു തകരപ്പാട്ട എടുത്തു കൊണ്ടുവന്ന് സകലതും മുറ്റത്തു ചൊരിഞ്ഞു. പക്ഷേ, അതിൽ നെക്ക്ലേസ് ഇല്ലായിരുന്നു. ചീത്ത പറഞ്ഞുകൊണ്ട് വന്നവർ ചീത്ത പറഞ്ഞുകൊണ്ട് തന്നെ തിരിച്ചുപോയി. സർവജയ മകളുടെ മുണ്ടിന്റെ കോന്തലയും കിഴിയുമൊക്കെ അഴിച്ചു തെരഞ്ഞു. നെക്ക്ലേസ് കിട്ടിയില്ല. ദേഷ്യം തീരാതെ അവർ അവളെ

വലിച്ചിഴച്ച പടിക്ക് പുറത്താക്കി.

കിരീടവും മീശയുമുള്ള രാജാവിന്റെ വേഷം അപ്പു കണ്ടത് ഉത്സവത്തിലെ നാടകത്തിലാണ്. അപ്പുവും ഒരു കിരീടമുണ്ടാക്കി. മീശയും വച്ചു. അതിനുള്ള വസ്തുക്കൾ എടുത്തത് ചേച്ചിയുടെ സമ്പാദ്യപ്പെട്ടിയിൽ നിന്നും!

രണ്ടാളും വഴക്കായി. പിടിവലിയായി.

അമ്മ ഓടിവന്ന് ദുർഗയെ പിടിച്ച മാറ്റി. ശിക്ഷയും കൊടുത്തു.

ദുർഗ പിണങ്ങി അപ്പുവിനെ വിട്ട് വയലും മേട്ടുമൊക്കെ കടന്ന് ഓടി. അപ്പു പിന്നാലെയും. കുറെ ദൂരം പോയപ്പോഴേക്കും രണ്ടാളും വഴക്ക് മറന്നു. കുശപ്പുല്ലുകൾ പൂത്ത വയലുകളും ആമ്പൽ തടാകവും അവർ ആസ്വദിച്ചു കണ്ടു. ഗ്രാമത്തിന്റെ അതിർത്തിയിലൂടെ പോകുന്ന റെയിൽപ്പാതയും ടെലിഫോൺ ലൈനുമൊക്കെ അവർ ആ യാത്രയിൽ ആദ്യമായി കണ്ടു. പുതുമയുള്ള കാഴ്ചകളായിരുന്നു അവയെല്ലാം. തീവണ്ടി വന്നപ്പോൾ അപ്പു പാതയരികിലേക്ക് ഓടി തീവണ്ടിയെ അടുത്തുനിന്നു കണ്ടു. ഓട്ടത്തിൽ തടഞ്ഞുവീണ ദുർഗയ്ക്ക് തീവണ്ടിയെ കാണാൻ പറ്റിയില്ല.

മടങ്ങി വരുമ്പോഴാണ് മുത്തശ്ശി




# റായ് എന്ന മഹാനായ കലാകാരൻ

വെറും സിനിമാസംവിധായകനായിരുന്നില്ല റായ്. വരയും സംഗീതവും കഥയും സമാസമം തന്റെ സംവിധാനത്തിനൊപ്പം ചേർക്കാൻ കഴിയുന്ന പ്രതിഭാശാലിയായിരുന്നു അദ്ദേഹം. തന്റെ സിനിമകൾക്ക് സ്വയം സംഗീതം നിർവഹിച്ചു. പോസ്റ്ററുകളും സ്റ്റോറിബോർഡുകളും വരച്ചു. വസ്ത്രാലങ്കാരം നിർവഹിച്ചു. എത്രമാത്രം സർഗാത്മകമായി അലിഞ്ഞുചേരാനാവും അത്രമാത്രം സ്വന്തം സിനിമയിൽ അലിഞ്ഞുചേർന്ന പ്രതിഭയായിരുന്നു അദ്ദേഹം.

ഒരു അഭിനേതാവായാണ് റായ് കലാജീവിതം തുടങ്ങുന്നത്. അതിനു മുമ്പ് അദ്ദേഹം ഒരു ഗ്രാഫിക് ഡിസൈനറായിരുന്നു. 1943 ൽ ഒരു ബ്രിട്ടീഷ് പരസ്യ കമ്പനിയിൽ ജൂനിയർ വിഷ്വലൈസർ ആയിട്ടാണ് ജോലിയിൽ പ്രവേശിക്കുന്നത്. പിന്നീട് അദ്ദേഹം പുസ്തകങ്ങളുടെ കവർ ഡിസൈനിലേക്ക് എത്തുകയും വലിയ വായനയ്ക്ക് തുടക്കമിടുകയും ചെയ്തു. സിനിമാമോഹം മനസ്സിലെത്തുന്നതും ഈ അവസരത്തിലാണ്.

ബഹുമുഖപ്രതിഭയായിരുന്ന റായ് തിരക്കഥ, ബി.ജി.എം., എഡിറ്റിങ്ങ്, ടൈറ്റിൽ ഗ്രാഫിക്സ്, പോസ്റ്റർ ഡിസൈൻ എന്നിങ്ങനെ സിനിമയുമായി ബന്ധപ്പെട്ട് ചെയ്യാവുന്നതെല്ലാം കലാകാരനെന്ന നിലയിൽ ചെയ്യുമായിരുന്നു. ചിത്രീകരിക്കാൻ പോവുന്ന രംഗങ്ങൾ ആദ്യം വരച്ചുവക്കുകയും സിനിമയ്ക്കാവശ്യമായ പശ്ചാത്തല സംഗീതം പിയാനോ വായിച്ച് നടത്തുകയും ചെയ്യുമായിരുന്നു.

കാട്ടിൽ മരിച്ചുകിടക്കുന്നത് അവർ കാണുന്നത്.

ഒരു തരത്തിലും ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതായപ്പോൾ ഹരിഹർ ഗ്രാമം വിട്ട് ജോലി തേടിപ്പോയി. വീട്ടിലാകെ ദാരിദ്ര്യം. സർവജയയും മക്കളും വിശന്നു പൊരിഞ്ഞു. മാസങ്ങൾ കഴിഞ്ഞാണ് ഹരിഹറിന്റെ കത്തുപോലും വരുന്നത്. വീട്ടിൽ വിൽക്കാൻ പറ്റുന്നതൊക്കെ എടുത്തു വിറ്റാണ് സർവജയ മക്കൾക്ക് ഭക്ഷണം കൊടുത്തത്.

മഴക്കാലമെത്തി. പുതുമഴ വരുമ്പോൾ കുശപ്പുല്ലുകൾ പൂത്ത വയലിലായിരുന്നു ദുർഗയും അപ്പുവും. അവർ മഴ നനഞ്ഞു. മഴയിൽ കളിച്ച് ദുർഗയ്ക്ക് പനിപിടിച്ചു. ഇടിയും മിന്നലും പേമാരിയും കൊടുങ്കാറ്റും വന്ന രാത്രിയിൽ ദുർഗ മരണമടഞ്ഞു.

ഹരിഹർ തിരിച്ചെത്തി. മകളുടെ മരണം അയാളെ ആകെ തളർത്തി. ഭാര്യയേയും അപ്പുവിനേയും കൂട്ടി ബനാറസ്സിലേക്ക് പോകാൻ അയാൾ തീർച്ചയാക്കി.

യാത്രയ്ക്ക് വേണ്ട കെട്ടിപ്പെറുക്കൽ നടത്തുമ്പോഴാണ് അപ്പുവിന് ഒരു ചെറിയ ചെപ്പിൽനിന്ന് ആ നെക്കലേസ് കിട്ടുന്നത്. അയൽവീട്ടിൽ നിന്ന് കാണാതായ മാല! ദുർഗ ഒളിച്ചു വച്ചതായിരുന്നു അത്. അപ്പു അച്ഛനും അമ്മയും കാണാതെ പുറത്തിറങ്ങി മാല കുളത്തിലേക്ക് വലിച്ചെറിഞ്ഞു. അവന്റെ പ്രിയപ്പെട്ട ചേച്ചിയെ ആരുടെ മുമ്പിലും മോശക്കാരിയാക്കാൻ അപ്പു ഒരുക്കമായിരുന്നില്ല.

വിശ്വപ്രസിദ്ധനായ ചലച്ചിത്രകാരൻ സത്യജിത് റായുടെ 'പഥേർ പാഞ്ചലി' എന്ന സിനിമയിലെ കഥാപാത്രങ്ങളാണ് ദുർഗയും അപ്പുവും. പഥേർ പാഞ്ചലി എന്നു പറഞ്ഞാൽ നാട്ടുപാതയുടെ സംഗീതം എന്ന് അർത്ഥം പറയാം. അതേ പേരിൽ ബിഭൂതിഭൂഷൺ ബന്ദോപാധ്യായ് എഴുതിയ നോവലാണ് സത്യജിത് റായ് സിനിമയാക്കിയത്.

ലോകത്ത് സിനിമ ആസ്വദിക്കുന്നവർക്ക് പ്രിയപ്പെട്ടവരാണ് ദുർഗയും അപ്പുവും. ഇന്ത്യൻ സിനിമ കണ്ട മികച്ച ബാല കഥാപാത്രങ്ങൾ. അവരെ പരിചയപ്പെടുത്തിയതാണ്, ഇവിടെ.

എഴുത്തിലൂടെയും കഥ കേട്ടും സിനിമയെ അറിയാനാവില്ല. സിനിമ കണ്ട് ആസ്വദിക്കാനുള്ളതാണ്. ദുർഗയും അപ്പുവും തമ്മിലുള്ള സ്നേഹം അവരുടെ കണ്ണിലുണ്ട്. ചെറിയ പുഞ്ചിരിയിലുണ്ട്, ചലനങ്ങളിലുണ്ട്. ദുർഗ അനിയനെ കൊഞ്ഞനം കാട്ടുന്നതിൽ പോലും സ്നേഹമാണ്. അതെങ്ങനെ എഴുതി ഫലിപ്പിക്കും? കണ്ടറിയണം. പെരുമഴ വന്ന രാത്രി ദുർഗ മരിക്കുന്ന ദൃശ്യം പറഞ്ഞു തീർക്കാനാവാത്ത നൊമ്പരമാവുന്നത് കാണുമ്പോഴെ അറിയൂ.

അവസരം കിട്ടുമ്പോൾ 'പഥേർ പാഞ്ചലി' കാണൂ. അതിന്റെ ആർദ്രഭാവം നിങ്ങളെ ആകർഷിക്കാതിരിക്കില്ല. റായുടെ മറ്റു സിനിമകളും കാണണം.


പഥേർ പാഞ്ചലിയുടെ ട്രെയ്‌ലർ കാണാൻ സ്കാൻ ചെയ്യാം.

## റായുടെ പ്രധാന സിനിമകൾ



റായുടെ ആദ്യസിനിമ 1955 ൽ പുറത്തിറങ്ങിയ പഥേർപാഞ്ചലി ആണ്. പിന്നീട് ഈ സിനിമയുടെ രണ്ടു ഭാഗങ്ങൾ കൂടി എടുത്തു. അപരാജിതോ (1956), അപുർ സൻസാർ (1959).

ദേവി, ദി പോസ്റ്റ്മാസ്റ്റർ, സമാപ്തി, രബീന്ദ്രനാഥടാഗുർ, കാഞ്ചൽജുംഗ, ആഭിജാൻ, ചാരുലത, റ്റൂ, നായക്, പ്രതിധ്വനി, സിക്കിം, സോനാർ കെല്ല, ബാല, സദ്ഗതി, സുകുമാർറായ്, ഗണശത്രു, അംഗൻതുക്ക് തുടങ്ങി 1955 മുതൽ 1992 വരെ 37 ചിത്രങ്ങൾ സംവിധാനം ചെയ്തു. ഇതിൽ സിനിമയ്ക്ക് പുറമേ ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ എല്ലാം ഉൾപ്പെടും.





എന്തു ചെയ്യണമെന്ന് ഒരു രൂപവുമില്ലാതെ ഇരിക്കുകയാണ് രാഘവൻ മാഷ്. പേരക്കുട്ടിയെ ചീത്ത പറഞ്ഞിട്ടോ അടിച്ചിട്ടോ എന്തു കാര്യം. വെറും മൂന്നു വയസ്സുകാരൻ. പാവം കുട്ടി. അവനിതിന്റെ തൊന്തരവ് വല്ലതും അറിയുമോ? സംഗതി പ്രശ്നമാണ്.. താക്കോലില്ലാതെ കാറ് എങ്ങിനെ പുറത്തെടുക്കും?

ആകെയുള്ള താക്കോലല്ലേ ആദിത്യൻ എടുത്തു കിണറ്റിലിട്ടത്. കിണറിലാണെങ്കിൽ നിറച്ചുവെള്ളം നിൽക്കുന്നു. അടിച്ചു വറ്റിക്കാമെന്നു വച്ചാലും നടക്കുന്ന കാര്യമല്ല.. മഴക്കാലമല്ലേ.. നല്ല ഉറവയുള്ള കിണറും.

ആദിത്യന് വലിയ ഭാവഭേദമൊന്നുമില്ല.

മുത്തശ്ശാ.. താക്കോലിനി അമ്മ മോട്ടോർ അടിക്കുമ്പോ മുകളിലെ ടാങ്കിൽ പോയി വീഴും.. പിന്നെ നമുക്ക് താഴത്തെ പൈപ്പ് തിരിച്ചാ അതിലൂടെ താക്കോല് കിട്ടില്ലേ..

കിണറ്റിൽ കിടക്കുന്ന താക്കോൽ മോട്ടോർ വലിച്ചെടുത്ത് ടെറസിനു മുകളിലെ ടാങ്കിൽ പോയി വീണ് പൈപ്പിലൂടെ താഴെ കിട്ടുന്ന പേരക്കുട്ടിയുടെ നാനോ കെമിസ്ട്രി കലർന്ന ഉത്തരം രാഘവൻ മാഷിന്റെ തലയിലൂടെ ഒരു മിന്നായം പോലെ കടന്നു പോയി. ഹൊ.. ഈ കുട്ടികളുടെ ഒരു കാര്യം. മാഷ് കഷണ്ടി കയറിയ തല രണ്ടുമൂന്നാവർത്തി അമർത്തി ഉഴിഞ്ഞു.

താക്കോൽ എങ്ങിനെ എടുക്കും? വീട്ടിലെല്ലാരും തലപുകഞ്ഞ് ആലോചനയിലായി. എന്തും പിടിയുമില്ലാത്ത ആശയങ്ങൾക്കൊടുവിൽ പാതാളക്കരണ്ടി കൊണ്ട് പണ്ട് കിണറ്റിൽ വീണ

സ്വർണമാല എടുത്ത പുരാണകഥ മുത്തശ്ശി ആലോചനാസമിതി മുമ്പാകെ പങ്കുവച്ചു.

അതിനിപ്പോ ഇക്കാലത്ത് എവിടെക്കിട്ടാനാ പാതാളക്കരണ്ടി?

പാതാളക്കരണ്ടീന്ന് വച്ചാ എന്താ മുത്തശ്ശാ? പാതാളക്കരണ്ടിയും കിണറ്റിൽ പെട്ടാലോ.. അപ്പോ എങ്ങിനെയാ എടുക്ക്വാ മുത്തശ്ശാ..

ചർച്ച മുറുകുകയാണ്. അപ്പോഴാണ് അരുൺ പടികയറി വരുന്നത്. കയ്യിൽ കുറെ പുസ്തകങ്ങൾ.

മാഷേ.. എന്താ എല്ലാരും വല്യ ആലോചന യിലാണല്ലോ.. എന്താ കാര്യം.

അതൊരു മുടിഞ്ഞ പ്രശ്നമാണ് അരുണേ. ഒന്നും പറയണ്ട. പേരക്കുട്ടി ഒപ്പിച്ച കുസൃതിയാ. പെട്ടുപോയെന്ന് പറഞ്ഞാ മതിയല്ലോ. ആട്ടെ

പ്പോലെ അരുൺ കിണറിന്റെ ചുറ്റും അന്വേഷണ ഭാവത്തിൽ നടന്നു.

അതേയ് മാഷേ.. മാഷല്ലേ എന്നെ ആറാം ക്ലാസിൽ സയൻസ് പഠിപ്പിച്ചത്.

അതേന്നാണ് എന്റെ ഓർമ. അതെന്താ ഇപ്പോ ഓർക്കാൻ.

അതൊക്കെ ഉണ്ട് മാഷേ.. താക്കോൽ ഞാൻ എടുത്തുതരാം. അതിനു മുമ്പ് ഈ വീടും പരിസ രവും എനിക്കൊന്ന് പരിശോധിക്കണം.

ആവാലോ.. അരുണിന് ഈ വീട്ടിലെവിടെ യും പരിശോധിക്കാം. പണ്ട് പഠിക്കുന്ന കാലത്ത് നീ ഇവിടെ എത്ര ചുറ്റിനടന്നതാ.

അരുൺ വീടിനു ചുറ്റും നടന്നു തുടങ്ങി. വീട്ടു കാർ പിറകേയും. വർക്ക് ഏരിയായും സ്റ്റോർ

# കാന്തക്കുട്ടി

## ശിവപ്രസാദ് പാലോട്

ചിത്രീകരണം: കെ.സതീഷ്

അരുൺ എന്താ വന്നത്?

മാഷേ.. ഞാൻ വന്നത് മാഷ്ക്ക് ഈ പുസ്ത കങ്ങൾ പരിചയപ്പെടുത്താനാ.. പിന്നെ

ഇവിടത്തെ യുറീക്കയുടെ വരിസംഖ്യ പുതുക്കാ നും ആയിട്ടുണ്ട്.

ആഹാ.. അതു നന്നായി. അരുൺ പുസ്തക ങ്ങൾ കാണിക്കൂ..

അതു നിൽക്കട്ടെ മാഷെ, സമയമുണ്ടല്ലോ.. ആദ്യം നിങ്ങളുടെ പ്രശ്നം എന്താണെന്ന് പറ. മാഷിന്റെ മുഖം കണ്ട് എന്തോ മുടിഞ്ഞ ഇടപാ ടാണ്.

അതേ അരുണേ.. കുട്ടങ്ങീന്ന് പറഞ്ഞാ മതീലോ, കാറിന്റെ താക്കോൽ ഈ വികൃതിക്കുട്ടി എടുത്ത് ദാ കിണറ്റിൽ ഇട്ടു. ആകെ ഒറ്റത്താക്കോ ലേ ഉള്ളൂ. കിണറാണെങ്കിൽ നിറഞ്ഞു കിടക്കുക യും. ഇനി ഇപ്പോ ഒറ്റ വഴിയേ ഉള്ളൂ.. വർക്ക് ഷാപ്പിൽ നിന്നും ആളെ കൊണ്ടു വരണം.

അയ്യോ.. അപ്പോ അതാണ് പ്രശ്നം.

കളവു പിടിക്കാൻ വന്ന പൊലീസുകാരനെ

മുറിയും അരിച്ചുപെറുക്കി പരിശോധിച്ചു. അവ സാനം പഴയസാധനങ്ങൾ കയറ്റിയിടുന്ന റാ ക്കിലായി തിരച്ചിൽ.


കിണറ്റിൽ വീണ താക്കോൽ ഇവനെന്താ വീട്ടിനുള്ളിൽ തിരയുന്നത്! മൊത്തത്തിൽ ഒരു വശപ്പിശക്. ഇനി പണ്ട് ആറാം ക്ലാസിൽ പഠി പ്പിക്കുമ്പോൾ കുന്തം പോയാ കുടത്തിലും തപ്പണം എന്നതെങ്ങാനും താനിവന് ഇമ്പോസിഷൻ കൊടുത്തിട്ടുണ്ടാകുമോ.

യുറേക്കാ.. യുറേക്കാ..

റാക്കിൽ നിന്ന് കേട്ടുവന്നു മൂലക്കിട്ട റേഡി യോയുടെ സ്പീക്കർ കയ്യിലെടുത്ത് നിൽക്കുകയാ ണ് അരുൺ.

അരുൺ സ്പീക്കറിൽ നിന്ന് കാന്തം ശ്രദ്ധാ പൂർവം അടർത്തിയെടുത്തു.

മാഷേ, പണ്ട് മാഷാണ് ആറാം ക്ലാസിൽ കാന്തത്തെപ്പറ്റി പഠിപ്പിച്ചത്.. ആദ്യം കാന്തം കാണിച്ചു തന്നത്. അരുണിന്റെ കണ്ണിൽ ഒരു ആറാം ക്ലാസ് തിളക്കം മാഷ് കണ്ടു.




ആദിത്യനെ നോക്കിയാണ് പറഞ്ഞതെങ്കിലും ബാക്കിയുള്ളവരോടായിരുന്നു അത്.

അമ്പടാ...കാന്തം കൊണ്ട് താക്കോലിനെ പിടിക്കാനാ പരിപാടി.. മുത്തശ്ശി മൂക്കത്ത് വിരൽവെച്ചു.

അതേ കാന്തച്ചുണ്ട.. താക്കോൽമീൻ കൊത്തും തീർച്ച.. പണ്ട് ബീക്കറിലെ വെള്ളത്തിലിട്ട ഇരുമ്പുകഷണം ഒരു കാന്തം നൂലിൽ കെട്ടി ഈ മാഷ് തന്നെയാ ആ സൂത്രം എന്നെ കാണിച്ചത്.

അയ്യോ... ഞാനത് ഓർത്തില്ല അരുണേ.. മാഷ് വല്ലാതായി.

കാന്തത്തെ കിണറ്റിലേക്ക് ഇറക്കി അരുൺ കയറിനെ എല്ലാ ഭാഗത്തേക്കും കുറെ തവണ ചലിപ്പിച്ചു. പിന്നെ സാവധാനം മുകളിലേക്ക് ഉയർത്തി. എല്ലാവരും ആകാംക്ഷയിലായി. കാന്തം വെള്ളത്തിന് മുകളിലെത്തി. എല്ലാരും അതിനു ചുറ്റും കൂടി.

ആഹാ എന്തൊക്കെ സാധനങ്ങളാ.. രണ്ടു സ്പൂൺ.. നാണയങ്ങൾ, കമ്പിക്കഷണം.. കൂട്ടത്തിലിതാ മാഷിന്റെ കാറിന്റെ താക്കോലും ഇതൊക്കെ ആദിത്യന്റെ സംഭാവനയാണല്ലേ...

ആദിത്യന് നാണമായി.. അവൻ അമ്മയുടെ സാരിയിൽ ഒളിച്ചുനിന്നുകൊണ്ട് ചോദിച്ചു..

മാമാ.. ആ കാന്തക്കട്ട എനിക്ക് തര്വോ..

എന്തിനാ കിണറ്റിൽ ഇടാനാണോ..

അല്ല ഇനി ഉണ്ണി എന്തെങ്കിലും ഇട്ടാ മുത്തശ്ശന് കാന്തക്കട്ടേം കൊണ്ട് എടുക്കാലോ..

നീയൊരു കാന്തക്കുട്ടി തന്നെ ആണല്ലോ..


ആദിത്യന്റെ കവിളിൽ ഒന്നു തലോടി അരുൺ കാന്തം അവന്റെ കൈവെള്ളയിൽ വച്ചുകൊടുത്തു.

മാഷുടെ മനസ്സിലൊരു ബൾബ് മിന്നി. അപ്പോഴേക്കും അരുൺ വീണ്ടും പറഞ്ഞു തുടങ്ങിയിരുന്നു. ഓ... എന്റെ മാഷേ.. കാന്തികവസ്തുക്കളും അകാന്തിക വസ്തുക്കളും പറഞ്ഞു തന്നത് മാഷു തന്നെ അല്ലേ.. നമുക്ക് കിണറിനടുത്തേക്ക് പോകാം.

കപ്പിയുടെ കയർ അഴിച്ചെടുത്തു. കാന്തം കയറിന്റെ തലപ്പത്ത് മുറുക്കിക്കെട്ടി. വലിച്ച് ബലം ഉറപ്പാക്കി.. എല്ലാവരും കിണറിന് വട്ടം കൂടി.

ഇനിയാണ് സൂത്രം. നമുക്ക് ഈ കാന്തത്തെ കിണറ്റിലേക്ക് ഇറക്കാം. താക്കോൽ ഇരുമ്പല്ലേ.. അപ്പോ കാന്തത്തിൽ ഒട്ടിപ്പിടിക്കും. അപ്പോ നമുക്ക് മുകളിലേക്ക് വലിച്ചെടുക്കാം. അരുൺ


✷




# വിലാസത്തിൽ മാറ്റം

യുറീക്കയുടെ എഡിറ്റോറിയൽ വിലാസത്തിൽ മാറ്റം വരുന്നു. ഇനി മുതൽ കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം ഇതാണ്.

**എഡിറ്റർ, പരിസരകേന്ദ്രം,**
**ഗുരുവായൂർ റോഡ്, തൃശ്ശൂർ 680 004**






നവംബർ 16/ 2020

## ഉത്തരവും വിജയികളും

**ദേവദത്ത് സി,** 6 എ, ശ്രീരാഗം,
നീഴൂർ പി.ഒ, കോട്ടയം 686 612

**കൃഷ്ണപ്രിയ ഇ വി,** 5 ാം തരം,
മാവിലാക്കണ്ടി വീട്, പെരുവളത്തുപറമ്പ്
പി.ഒ, കണ്ണൂർ 670 593

**നിരഞ്ജന എസ് സി,** 5 സി, നീരാഞ്ജനം,
കുളങ്ങരിക്കൽ, മേലേവിള,
കാട്ടായിക്കോണം പി.ഒ, തിരുവനന്തപുരം

**ശിവകേശവ് എ,** 6 ാം തരം,
സൗപർണിക, ആൽത്തറമൂട്,
കടയ്ക്കൽ പി.ഒ, കൊല്ലം 691 536

**നന്ദ ആന്റോ,** 8 ാം തരം,
ചേറ്റുപുഴക്കാരൻ വീട്, ചർച്ച് അവന്യൂ,
ഒല്ലൂർ പി.ഒ, തൃശ്ശൂർ.

| | | | | | | |
|---|---|---|---|---|---|---|
| 1 ക | വി | 2 ത | | 3 ഉ | റു | 4 മി |
| ഴ | | 5 വി | 6 ശ | റി | | ഥു |
| 7 ത | 8 ല | | രം | | 9 മാ | നം |
| | 10 ഹ | രം | | 11 മ | ധു | |
| 12 മാ | ള | | 13 കാ | | 14 രി | 15 പ്പ |
| രു | | 16 പാ | ണി | 17 നി | | ല |
| 18 തി | ല | കം | | 19 ല | ഹ | രി |


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ


വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

കാഴ്ചപ്പുറം

സുരഭിവചന




# ഈ ജന്മദിനമാണ് നമുക

## ദിനാചരണം



ഗണിതശാസ്ത്രരംഗത്തെ എക്ക
അത്ഭുതങ്ങളിൽ ഒന്ന് ഒരു ഇന്ത്യക
നമ്മുടെ സ്വന്തം ശ്രീനിവാസ രാമാ
ഹത്തിന്റെ ജന്മദിനമാണ് ഡിസ
അന്നാണ് ഇന്ത്യയിൽ ദേശീയ ഗണ
ദിനമായി ആചരിക്കുന്നത്. 2012 ല
നാചരണം നിലവിൽ വന്നത്. കേവ
മാത്രമേ ആ പ്രതിഭ ജീവിച്ചിരുന്നുള്ളൂ.
അപാര പ്രാവീണ്യംകൊണ്ട് ബ്രിട്ടനി
സൊസൈറ്റിയിൽ അദ്ദേഹത്തിന് അ
ടിയെടുക്കാനായി എന്നത് വലിയ
യാണ്.

## ചുറ്റുപാട്

# കടലിലും രക്ഷയില്ല!

മനുഷ്യൻ തള്ളുന്ന പ്ലാസ്റ്റിക് മാലിന്യം കടലിനെ പിടിച്ചുകുലുക്കുകയാണ്. പിന്നേ...അങ്ങനെ കുലുങ്ങുന്ന ഒന്നല്ല കടൽ എന്ന് നിങ്ങൾ അപ്പോൾതന്നെ മറുപടിയും പറഞ്ഞേക്കാം. എന്നാൽ കേട്ടോളൂ. നദികൾ വഴി എല്ലാ വർഷവും 50 മുതൽ 430 ലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യമാണ് കടലിൽ അടിയുന്നത്. വെറും ഒരു ശതമാനം മാത്രമേ തിരകളിലൂടെ കടൽ പുറന്തള്ളുന്നുള്ളൂ. അപ്പോൾ ബാക്കി എവിടെയാണെന്നല്ലേ? ബാക്കി കടലിന്നാഴങ്ങളിൽത്തന്നെ. ഇതിൽ നല്ലൊരു ഭാഗം, കടൽജീവികൾ അവയ്ക്കുള്ള ആഹാരമെന്ന് കരുതി കഴിക്കുന്നു. ഭക്ഷ്യശൃംഖലയുടെ ഉപഭോക്താക്കൾ എന്ന നിലയ്ക്ക് മത്സ്യം കഴിക്കുന്ന മനുഷ്യനിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തുന്നു. അപ്പോൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇനി എന്തുചെയ്യണമെന്ന് 'ഉറക്കെ' തീരുമാനിക്കാൻ നിങ്ങൾക്കും സമയമായി എന്നുതന്നെ. പ്ലാസ്റ്റിക് മാലിന്യത്തിനു മുന്നിൽ സദാ ഉണർന്നിരിക്കൂ.



## ജീവിലോകം

# ലൈഗർ

"തലക്കെട്ട് തെറ്റാണ്. ടൈഗർ എന്നല്ലേ?"


"അല്ല ശരിയാണ്. ലയണും (LION) ടൈഗറും (TIGER) ചേർന്നതാണിത്."

"ഓ... കഥയാണല്ലേ?"

"കഥയല്ല. ശരിക്കുമുള്ളത്."

"അതെന്താ?"


"കേട്ടോളൂ... സിംഹത്തെയും കടുവയെയും



# ...ക്ക്
# ...ാണിതദിനം

...ാലത്തെയും
...ാരനാണ്.
...ജൻ. അദ്ദേ
...ംബർ 22.
...ിതശാസ്ത്ര
...ാണ് ഈ ദി
...ം 33 വർഷം
...കണക്കിലെ
...ലെ റോയൽ
...അംഗത്വം നേ
...നട്ടം തന്നെ

സമ്മാനച്ചോദ്യം




## തിരക്കഥ ഉണ്ടാക്കാമോ?

ശ്രീനിവാസ രാമാനുജന്റെ ജീവചരിത്രം വായിച്ചറിഞ്ഞ്, അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും ഏതെങ്കിലും ഒരേട്, ഒരു സംഭവം തിരക്കഥയായി അവതരിപ്പിക്കാമോ? മികച്ച തിരക്കഥകൾ പ്രസിദ്ധീകരിക്കും. 9497172919 എന്ന നമ്പറിലേക്ക് രചനകൾ വ്യക്തമായി ഫോട്ടോയെടുത്തോ ടൈപ്പ് ചെയ്തോ വാട്സ് ആപ്പ് ചെയ്യൂ. മികച്ച തിരക്കഥയ്ക്ക് സമ്മാനം.

...റിച്ച് അറിയില്ലേ? ഇവ രണ്ടും ഒന്നിച്ച് വസി...ാറില്ല. പ്രത്യേകമായി കഴിയാനും ഇഷ്ടപ്പെ...ന്നവയാണ്. എന്നാൽ ചില വന്യമൃഗസങ്കേ...ങ്ങളിൽ വളരുന്ന കടുവയെയും സിംഹത്തെ...ം ഇണചേർത്ത്, കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു. ...വയാണ് ലൈഗർ. ഒരു ലൈഗറിന് 450 ...ി.ഗ്രാമോളം ഭാരം ഉണ്ടാവും. കടുവയുടെ ...രുത്തുറ്റ ശരീരവും സിംഹത്തിന്റെ തലയെ...പ്പുമുള്ള ജീവി. പ്രകൃത്യാ രൂപപ്പെടുന്ന മൃഗസ...രമാണിവ."





പഠനം

## ദേശാടന ഊർജം

എത്രയെത്ര ദൂരം പറക്കുന്നവയാണ് ദേശാടനപ്പക്ഷികൾ. ദേശാടനത്തിനായുള്ള ഊർജം എങ്ങനെയാണ് ഇവ സ്ഥിരമായി നിലനിർത്തുന്നത്? പലർക്കുമുള്ള ഈ സംശയം, നെതർലാന്റ്സിലെ യൂണിവേഴ്സിറ്റി ഓഫ് ഗ്രോനിഞ്ച് പഠനവിധേയമാക്കി. അത് എങ്ങനെയെന്ന് അറിഞ്ഞോളൂ.

പറക്കുന്നതിനു വേണ്ടതിലധികം ഊർജം ഓരോ സ്ഥലത്തിറങ്ങി അവിടുത്തെ ഭക്ഷണം അകത്താക്കുന്നതിനും ശരീരം ചൂടായി സൂക്ഷിക്കുന്നതിനുമാണ് പക്ഷികൾ ചെലവാക്കുന്നത്.

അപ്പോൾ സംഗതി പ്രശ്നമാകുമല്ലോ? ഒരു പ്രശ്നവുമില്ല. ഒരു മണിക്കൂറിൽ ചെലവാക്കുന്ന ഊർജം പറക്കലിലാണ് കൂടുതലെങ്കിലും ഓരോ സ്ഥലത്തിറങ്ങി കഴിയുന്ന ആകെ സമയത്തിന്റെ ദൈർഘ്യം പറക്കുന്നതിനു വേണ്ടതിനെക്കാൾ കൂടുതലായിരിക്കും. പല പക്ഷികളിലും നടത്തിയ പഠനം കാണിക്കുന്നത് മൊത്തം ചെലവാക്കുന്ന ഊർജത്തിന്റെ 29 ശതമാനമാണ് പറക്കലിനു ചെലവാക്കുന്നത് എന്നാണ്.

അപ്പോൾ ബാക്കിയോ? ബാക്കി, ശരീരം ചൂടാക്കുന്നതിനും ഇടത്താവളങ്ങളിലെ ഇരതേടലിനും മറ്റും ഉപയോഗിക്കുന്നു.

# എന്റെ വീട്ടിലെത്തുന്ന കിളികൾ






നീലി ചന്ദ്രൻ


ചിത്രീകരണം: രാജീവ് എൻ ടി





ലോക് ഡൗൺ കാലത്താണ് വീട്ടുവളപ്പിൽ വന്നു പോകുന്ന കിളികളെ കാര്യമായി നിരീക്ഷിക്കാൻ തുടങ്ങിയത്. നിത്യേന രാവിലെ പ്ലാവിൽ നിന്നും ശബ്ദമുണ്ടാക്കുന്ന മഞ്ഞച്ചിന്നൻ... താഴത്തെ മാവിനകത്തുള്ള വള്ളിക്കുടിലിൽ പാർക്കുന്ന വിറയൻ പുള്ള്...

രാവിലത്തെ ചായയോടൊപ്പം വരാന്തയിലിരിക്കുമ്പോൾ മുതൽ കേൾക്കാം വിറയൻ പുള്ളിന്റെ (Commom Kestrel) ശബ്ദം. അത് കുറച്ച് നേരം മരുതിലും പറങ്കിമാവിലും മാറി മാറി പറന്നിരുന്ന് തിരിച്ച പോകും. കണ്ടാൽ പുള്ളിക്കുയിലിനോട് സാമ്യം തോന്നുമെങ്കിലും വ്യത്യസ്തമായ ശബ്ദമാണ്.. കറുപ്പും വെളുപ്പും കലർന്ന വരകളുമാണ്.



ഇരട്ടത്തലച്ചി



മഞ്ഞച്ചിന്നൻ



വിറയൻപുള്ള്

തെക്കുഭാഗത്തെ കടുമാവിന്റെ ചുറ്റിലുമുള്ള പൊന്തക്കാട്ടിലെത്തുന്ന ബുൾബുളുകളാണ് ഇനിയൊരു കൂട്ടർ. ചങ്ങാതികൾക്ക് ഒരിടത്ത് അടങ്ങിയിരിക്കാനാവില്ല. തൊടിയിലും പൊന്തയിലും മാറി മാറി ഇര തേടുന്ന ഇവരെ കണ്ടിരിക്കാൻ തന്നെ രസമാണ്. തവിട്ടും വെള്ളയും കലർന്ന നിറവും തലയിൽ കറുത്ത തൊപ്പിയുമുള്ള ഇവ ഇരട്ടത്തലച്ചി (Red Whiskered Bulbul) എന്നാണ് അറിയപ്പെടുന്നത്. പടർന്നു പന്തലിച്ച മുത്തശ്ശിമാവിന്റെ പോടുകളും അതിനോടു ചേർന്ന പൊന്തയും ഈയിടയ്ക്ക് ആദ്യമായി പൂവിട്ട മണിമരുതുമാണ് അവരുടെ വിഹാരകേന്ദ്രം. നാലു പേരാണ് ഈ ബുൾബുൾ സംഘത്തിലുള്ളത്.

വരാന്തയിൽ കുത്തിക്കുറിച്ചിരിക്കുന്നതിന്റെ ഇടയിലാണ് വ്യത്യസ്തമായ ശബ്ദം പ്ലാവിന്റെ ഉയരങ്ങളിൽ നിന്നും കേട്ടത്. ആദ്യ ദിവസം ഒരു മിന്നായം പോലെ മാത്രമേ കാണാനായുള്ളൂ. മഞ്ഞയും ചാരനിറവും കലർന്ന ഈ കിളിയുടെ വാലിന്റെ ഭാഗം ചാണക നിറമായിരുന്നു. പിറ്റേന്നും വെയിൽ മൂത്തു തുടങ്ങിയപ്പോൾ കക്ഷി എത്തി. തൊട്ടടുത്ത് തന്നെ കാണാൻ കഴിഞ്ഞു. മഞ്ഞച്ചിന്നൻ (Yellow – browed Bulbul) ആണ് പ്ലാവിൽ വിരുന്നെത്തിയത്. ഓമനത്തമുള്ള കിളിയാണത്. പിന്നീട്







സ്ഥിരമായി മാവിലും നെല്ലിയിലും അതിനെ കണ്ടു. ഇതും ബുൾബുൾ വർഗത്തിൽ പെടുന്നതാണ്. പിന്നീട് പല ദിവസങ്ങളിലായി ഇതിനോടൊപ്പം ചാരത്തലയൻ ബുൾബുളിനേയും തവിടൻ ബുൾബുളിനേയും കണ്ടു. ഭയരഹിതരായി അവ മുറ്റത്തെ ചെടികളിലും വാഴയിലുമായി പറന്നു നടക്കുന്നു.

ഓലേഞ്ഞാലിയും കാക്കത്തമ്പുരാട്ടിയും ചെമ്പോത്തും തുടങ്ങി പതിവായി കാണാറുള്ള കിളികളും കൂടെ ഉണ്ട്. അവരും കലപിലകളിൽ പങ്കാളികളാണ്. രാവിലെ പത്തു മണിക്ക് ശേഷമാണ് വീട്ടിൽ കിളികളെത്താറ്. അവ വലിപ്പച്ചെറുപ്പമില്ലാതെ നാദവിസ്മയം തീർക്കും. പിന്നെ ഉച്ചയ്ക്ക് ശേഷം മൂന്നു മണിയോടെയാണ് മറ്റൊരു ഗാനമേള ടൈം. കാക്കത്തമ്പുരാനും തമ്പുരാട്ടിയും ഞങ്ങടെ വീട്ടുവളപ്പിൽ ധാരാളമായുണ്ട്. ഇവ അടികൂടുന്നതിലും വിരുതൻമാരാണ്.

തീക്കുരുവിയെ മഞ്ചാടി മരത്തിൽ കണ്ടതാണ് എന്നെ പക്ഷി നിരീക്ഷണത്തിൽ കൂടുതൽ തൽപ്പരയാക്കിയത്. മുൻപൊരിക്കലും – ചെറുപ്പകാലത്തും തീക്കുരുവിയെ കണ്ടിട്ടില്ല. Scarlet Minivet എന്നറിയപ്പെടുന്ന ഈ കുഞ്ഞൻ പക്ഷി തീക്കനൽ പോലുള്ള ഓറഞ്ച് നിറത്തിലാണ് കാണപ്പെടുന്നത്. തലയും ചിറകിനോട് ചേർന്ന ഭാഗവും എണ്ണക്കറുപ്പാണ്. റോഡിനോട് ചേർന്ന മഹാഗണിയിൽ രണ്ടു തീക്കുരുവികളെ ഒരുമിച്ച് കാണുകയുണ്ടായി.




തണലും പച്ചപ്പും നൽകുന്ന കുറച്ച് മരങ്ങൾ തലയുയർത്തി നിൽക്കുന്ന ഞങ്ങളുടെ വീട്ടുവളപ്പിൽ ധാരാളം കിളികൾ വന്നു പോകുമായിരുന്നു. കുട്ടി ആയിരുന്നപ്പോൾ അമ്മ പരിചയപ്പെടുത്തിയ പക്ഷികളിൽ മിക്കതും തൊടിയിലും പൊന്തയിലുമായി ഇപ്പോഴും കാണുന്നു. മുറ്റത്തെ തെങ്ങിൽ ദ്വാരമുണ്ടാക്കി വസിച്ചിരുന്ന വണ്ണാത്തിപ്പുള്ളും കുടുംബവും ഇന്നില്ല. വർഷങ്ങളായി ഞാൻ ആ കിളിയെ കണ്ടിട്ടുമില്ല.

തേൻകുടിയൻമാരായ സൂചിമുഖിയാണ് മറ്റൊരു പ്രധാന അതിഥി. വീട്ടുമുറ്റത്തെ സപ്പോട്ടമരത്തിലും ചെമ്പരത്തിച്ചെടിയിലും കുഞ്ഞു ശബ്ദത്തോടെ പറന്നു നടക്കുന്ന ഈ കുഞ്ഞൻ പക്ഷികൾ കടുംനീലയും മഞ്ഞയും നിറത്തിൽ കാണപ്പെടുന്നു. തേൻ കുടിക്കാൻ സഹായകമായ വളഞ്ഞു നീണ്ട കൊക്കാണ് മറ്റൊരു പ്രത്യേകത. മഞ്ഞത്തേൻകിളി (Purple Rumpered Sunbird) എന്നാണ് ഇവ അറിയപ്പെടുന്നത്. വിവിധ നിറത്തിലും ഇവ കാണപ്പെടാറുണ്ട്.

ഞങ്ങളുടെ ഗൃഹാന്തരീക്ഷത്തിലെ പശ്ചാത്തല സംഗീതം ചിന്നക്കുട്ടുറുവന്റെതാണ് (White cheeked Barbet). കുഞ്ഞുപക്ഷി ആണെങ്കിലും മുഴക്കമുള്ള ശബ്ദമാണ് കുട്ടുറുവന്റേത്. പച്ച നിറത്തിൽ കാണപ്പെടുന്ന ഇവയുടെ തല മുതൽ കഴുത്തു വരെ ഉള്ള ഭാഗം തവിട്ടും ചാരനിറവും കലർന്നത് ആണ്. കൂടാതെ, കണ്ണിനു താഴെയായി വെള്ള നിറവുമാണ്. നല്ല വലിപ്പമുള്ള കൊക്കും ഇവയ്ക്കുണ്ട്.


തീക്കുരുവി


മഞ്ഞത്തേൻകിളി


ചിന്നക്കുട്ടുറുവൻ


നാട്ടിലക്കിളി

സ്ഥിരം കാഴ്ചകളിൽ നിന്നും വ്യത്യസ്തമായ മറ്റൊരു കിളിയാണ് നാട്ടിലക്കിളി (Jerdon's Leaf bird). നല്ല ഇലപ്പച്ച നിറത്തിലുള്ള ഇവയെ തിരിച്ചറിയാനുള്ള ഏകമാർഗം കൊക്കിനു താഴെയായി കഴുത്തോളമുള്ള എണ്ണക്കറുപ്പുള്ള ഭാഗമാണ്. മഞ്ചാടിമരച്ചില്ലയിൽ ഇലപ്പടർപ്പിലിരിക്കുന്ന ഇലക്കിളിയെ തിരിച്ചറിയുക പ്രയാ

സമാണ്.

മഞ്ഞക്കറുപ്പനും മഞ്ഞക്കിളിയും എല്ലാവർക്കും സുപരിചിതരായിരിക്കും. അവ നമ്മുടെ വീട്ടുവളപ്പിൽ സ്ഥിരമായി എത്തുന്നവരാണ്. മഞ്ഞ നിറത്തിൽ കാണപ്പെടുകയും ചിറകിൽ കുറച്ച് ഭാഗം മാത്രം കറുപ്പുനിറമുള്ളതാണ് മഞ്ഞക്കിളി. എന്നാൽ തല മുഴുവൻ കറുപ്പും മറ്റു ഭാഗങ്ങൾ മഞ്ഞയിലും കാണപ്പെടുന്നതാണ് മഞ്ഞക്കറുപ്പൻ. ചീന മഞ്ഞക്കിളി (Black – naped Oriole) എന്ന മറ്റൊരു വിഭാഗമുണ്ട്. ചുവന്ന കൊക്കും കറുത്തു നീണ്ട കണ്ണും ആണ് ഇതിന്റെ പ്രത്യേകത. ഇവ മുറ്റത്തെ പ്ലാവിലും സപ്പോട്ടമരത്തിലുമായി വന്നു പോകാറുണ്ട്.



മീൻകൊത്തിച്ചാത്തൻ (White Throated King fisher) ആണ് മറ്റൊരു വിരുതൻ. തന്റെ നീണ്ടു ചുവന്ന കൊക്കിനകത്തുള്ള പ്രാണിയെ തട്ടിയെടുക്കാനെത്തുന്ന കാക്കത്തമ്പുരാട്ടിയെ വിരട്ടിയോടിക്കുന്ന കാഴ്ച പല തവണ കണ്ടിട്ടുണ്ട്. തലയിൽ കറുപ്പുനിറവും കൊക്കിനു താഴെ വെളുപ്പും മറ്റു ഭാഗങ്ങൾ തിളങ്ങുന്ന നീല നിറത്തിലുമാണ്. അത് സ്ഥിരമായി വന്നിരിക്കാറുള്ള വാകമരം മെയ് മാസത്തിന്റെ വരവറിയിച്ച് ഇപ്പോൾ പൂവിട്ടു തുടങ്ങിയിരിക്കുന്നു. ചെറിയ മീൻകൊത്തി അതായത് Common Kingfisher വീട്ടുവളപ്പിൽ ഇതുവരെ കണ്ടിട്ടില്ല. അത് വലിപ്പം കുറഞ്ഞതും ഇളം തവിട്ടും നീലയും കലർന്നതുമാണ്.



മീൻകൊത്തിച്ചാത്തൻ



ചീനമഞ്ഞക്കിളി



തണ്ടാൻ മരംകൊത്തി



സാധാരണ എല്ലാവർക്കും പരിചിതരായ പക്ഷിയാണ് മരംകൊത്തി. നാട്ടു മരംകൊത്തിയും ത്രിയംഗുലി മരംകൊത്തിയും ഒട്ടു മിക്കവരും കണ്ടിരിക്കും. വീട്ടിലെ തെങ്ങുകളിലും അവയെ സ്ഥിരമായി കാണാറുണ്ട്. എന്നാൽ ഈ അടുത്തായി ആദ്യമായി ശ്രദ്ധയിൽപ്പെട്ടതാണ് മരം കൊത്തി വർഗത്തിൽ പെടുന്ന തണ്ടാൻ




മരംകൊത്തി (Brown-capped pigmi Wood pecker). തവിട്ടു നിറത്തിൽ തലയും ചിറകിലായി തവിട്ടിൽ വെളുത്ത പുള്ളികളുമുള്ളതാണ് ഈ കുഞ്ഞൻ പക്ഷി.

ചെമ്പു കൊട്ടിയുടെ ശബ്ദം പലതവണ കേട്ടിട്ടുണ്ടെങ്കിലും ഇതുവരെ നേരിട്ട് കാണാൻ കഴിഞ്ഞില്ല. എനിക്ക് തിരിച്ചറിയാനാകാതെ പോയ ചില പക്ഷികളും കൂട്ടത്തിലുണ്ട്. തേക്ക മരത്തിന്റെ ഉയരെയുള്ള ചില്ലയിൽ ഏതു പക്ഷിയുടേതെന്നറിയാത്ത ഒരു കൂടുണ്ട്.

ഇലയനക്കങ്ങൾക്കു പിറകെ ശബ്ദമുണ്ടാക്കാതെ ചെല്ലാനും ജീവിവർഗങ്ങളെ കണ്ടു മനസ്സിലാക്കാനും എന്തൊരു രസമാണ്. ഒരു ബൈനോക്കുലറും കൂടെ ഉണ്ടെങ്കിൽ പറയുകയും വേണ്ട. മൂന്നാം ക്ലാസിലെ രമണിട്ടീച്ചറുടെ മുന്നിൽ മിടുക്ക് കാണിക്കാൻ തത്രപ്പെട്ട് തൂവൽ ശേഖരണം തയ്യാറാക്കിയ ഒരു പഴയ കുട്ടി ഓർമകളുടെ പൊത്തിൽ നിന്നും പതിയെ കഴുത്ത് പുറത്തേക്കിടുന്നു.

(ചിത്രങ്ങൾക്ക് കടപ്പാട്: Google Images)

# ഞാറ്റടി



ഞാറ്റടി നിങ്ങളുടെ സ്വന്തം പേജുകളാണ്. നിങ്ങളുടേത് മാത്രമായ രചനകൾ അയയ്ക്കൂ. വിലാസം: ഞാറ്റടി, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002

## ഹൈറേഞ്ച് തീവണ്ടി

**ആമിന ലൈഹ,** 6 ഇ, പുത്തൂർമഠം എ എം യു പി സ്കൂൾ, പുത്തൂർമഠം, കോഴിക്കോട്

'ഹൈറേഞ്ചുകാർക്ക് ഇന്നും സ്വപ്നം മാത്രമാണ് തീവണ്ടി. എത്രയോ പേർ ഇന്നും തീവണ്ടിയിൽ കയറാത്തവരായുണ്ട്. ഈ മലമ്പാമ്പിനെ തൊടാൻ അവർക്കെന്നാണോ സാധിക്കുക?' കുട്ടികൾക്കായി മൈന ഉമൈബാൻ രചിച്ച 'ഹൈവേ തീവണ്ടി'യിൽ നിന്നുള്ള ഭാഗമാണിത്.

ഇടുക്കി ജില്ലയിൽ ആണ് മൈന ഉമൈബാൻ ജനിച്ചത്. അധ്യാപികയാണ്. ചന്ദനഗ്രാമം, ചുവപ്പു പട്ടയം തേടി, മാവു വളർത്തിയ കുട്ടി, വിഷചികിത്സ, ആത്മദംശനം, പെൺനോട്ടങ്ങൾ.. എന്നിവയാണ് പ്രധാന കൃതികൾ.

ഹൈറേഞ്ച് തീവണ്ടി വളരെ ലളിതമായ രചനയാണ്. മറവി, ജൈവഘടികാരം, ഓർമകളിലേക്കൊരു യാത്ര, ആറ്റുവഞ്ചികൾ തുടങ്ങി 21 അധ്യായങ്ങളാണ് ഈ പുസ്തകത്തിനുള്ളത്. ഹൈറേഞ്ച് തീവണ്ടി, അമ്മ, അമ്മുണ്ണ, അമ്മൂമ്മ, ഡാഡി എന്നിവരാണ് കഥയിലെ പ്രധാന കഥാപാത്രങ്ങൾ.

ചുറ്റും മലകളും വനങ്ങളും നിറഞ്ഞ പ്രദേശത്താണ് അമ്മുണ്ണവിന്റെ അമ്മ ജനിച്ചത്. ആ നാട്ടിലുള്ളവർക്ക് തീവണ്ടി എന്താണെന്നുപോലും അറിയില്ല. അമ്മുണ്ണവിന് ഇത് വിശ്വസിക്കാനേ കഴിയുന്നില്ല. തീവണ്ടി കാണാത്തവരോ! അവൾ ഒരുപാടു തവണ തീവണ്ടിയിൽ കയറിയിട്ടുണ്ട്.

ഹൈറേഞ്ചുകാരാണെങ്കിലും അമ്മുണ്ണവും കുടുംബവും ഇപ്പോൾ താമസിക്കുന്നത് നഗരത്തിലെ ഫ്ലാറ്റിലാണ്. ഇവിടെ എത്തിയപ്പോൾ മുതൽ അമ്മയ്ക്ക് പരാതി, ഉറക്കമില്ല!

ഫ്ലാറ്റിൽ എപ്പോഴും വെളിച്ചമാണത്രെ! നഗരജീവിതം ശരീരത്തിന്റെ താളം തെറ്റിച്ചിരിക്കുന്നു എന്നാണ് അവർ പറയുന്നത്.




ചിത്രീകരണം: **സപ്ത കൃഷ്ണൻ,** യു കെ ജി, ടൊറന്റൊ, കാനഡ

എല്ലാ മധ്യവേനലവധിക്കും അമ്മുണ്ണവും കുടുംബവും ഹൈറേഞ്ചിൽ പോകും. അത്തരം യാത്രയിലെ പ്രകൃതിരമണീയമായ കാഴ്ചകളും ഹൈറേഞ്ചിലെ ജീവിതവുമാണ് നോവൽ കാണിച്ചു തരുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും ഈ നോവൽ ഇഷ്ടമാവും എന്നാണ് എന്റെ തോന്നൽ.

# മാങ്ങയും കുട്ടിയും

രചനയും ചിത്രീകരണവും: **വിഷ്ണു എസ്,** 3 ാം തരം,
ഗവ. ഗേൾസ് എൽ പി സ്കൂൾ, വടക്കാഞ്ചേരി, തൃശ്ശൂർ

ഒരു കുട്ടി കളിക്കാൻ പോയി. കളിച്ചു തളർന്ന് അവൻ ഒരു മരത്തണലിൽ ഇരുന്നു. അപ്പോൾ ഒരു മാങ്ങ വീണു. മാങ്ങ പറഞ്ഞു, നീ എന്നെ തിന്നോളൂ. അവൻ സന്തോഷത്തോടെ മാങ്ങ കഴിച്ചു.



---



ചിത്രീകരണം: **രാഗേന്ദു എസ്,**
4 ാം തരം, ഗവ. എൽ പി സ്കൂൾ, പൊൻമന പി ഒ, കൊല്ലം.

# കുപ്പി വള

**ഫാത്തിമ ഹൃദ കെ.,** 9 എ,
ജി.എച്ച്.എസ്.എസ്. ഇരുമ്പുഴി,
മലപ്പുറം

ഇരുട്ടിൽ ഞാൻ
കുനിഞ്ഞിരുന്നു
നിശബ്ദത എന്നെ
കൊത്തിവലിക്കുന്നുണ്ട്
ഏകാന്തത ഹൃദയത്തെ
ഐസോലേറ്റാക്കീട്ടുണ്ട്
എങ്കിലും,
ദൂരെ നിന്നും പ്രതീക്ഷയുടെ
കുപ്പിവള കിലുക്കം
കേൾക്കാം...

# എന്റെ പിക്കാച്ചു

**ആദിത്ത്,** 3 എ, ഗവ: എൽ പി സ്കൂൾ, കാരാട്, കോഴിക്കോട്.

**എ**നിക്ക് കളിപ്പാട്ടങ്ങളെക്കാൾ ഇഷ്ടം ജീവികളെയാണ്. വീട്ടിലെ മൂത്ത കുട്ടിയാണ് ഞാൻ. കുഞ്ഞായിരിക്കുമ്പോൾ കൂടെ കളിക്കാൻ കോഴിയും നായും പൂച്ചയും പ്രാവും തത്തയും ആടും മാത്രമാണുണ്ടായിരുന്നത്. അതാ എന്റെ ഇഷ്ടത്തിന്റെ കാരണം. അച്ഛൻ അവരെയെല്ലാം പരിചരിക്കുന്നത് ഞാൻ നോക്കി നിൽക്കും. കൂടെ സഹായിക്കുകയും ചെയ്യും.

എന്റെ ആറുവയസ്സിന്റെ പിറന്നാളാകാൻ ഇനി ഒരുമാസം കൂടിയേയുള്ളൂ. അമ്മ കലണ്ടറിൽ നോക്കി പറഞ്ഞതാണ്.

വൈകീട്ട് അച്ഛൻ ജോലി കഴിഞ്ഞ് വന്നപ്പോൾ അച്ഛനോട്, പിറന്നാൾ സമ്മാനം വേണം, എന്നു ഞാൻ പറഞ്ഞു. എന്താണ് സമ്മാനം എന്നു പറഞ്ഞപ്പോൾ അച്ഛൻ ഞെട്ടിപ്പോയി. ഞാൻ ആവശ്യപ്പെട്ടത് ഒരു പശുക്കുട്ടിയെ ആയിരുന്നു. പതിനായിരം രൂപയുടെ സമ്മാനമോ? എന്നാണ് അച്ഛൻ ചോദിച്ചത്. അതെനിക്ക് അത്ര പിടിച്ചില്ല. വേണം എന്ന് ഞാൻ വാശി പിടിച്ചു.

അന്നു മുതൽ എന്നും അച്ഛൻ ജോലി കഴിഞ്ഞു വരുന്നതും നോക്കി ഞാനിരിക്കും. നിരാശയായിരുന്നു ഫലം.

പിറന്നാളിന്റെ തലേ ദിവസമായി. പശുവും കുട്ടിയുമൊന്നും കിട്ടാൻ പോകുന്നില്ല എന്നുറപ്പായി. പശുവല്ലെങ്കിൽ വേറെയെന്തെങ്കിലും സമ്മാനം കൊണ്ടുവരാതിരിക്കില്ല. വൈകിട്ട് ഉമ്മറത്ത് ഞാൻ അച്ഛനെ കാത്തിരുന്നു.



ചിത്രീകരണം: **മുഹമ്മദ് ഹസീബ്,**
3 ാം തരം, എ എം യു പി സ്കൂൾ, അരീക്കാട്,
തറയിൽ, തലക്കടത്തൂർ, മലപ്പുറം.

ബൈക്കിന്റെ ശബ്ദം... അച്ഛൻ വരുന്നു. ബൈക്കിന്റെ പിന്നിൽ ഒരു ഗുഡ്സ് ഓട്ടോ..!

അത് മുറ്റത്തു വന്നു നിന്നു അതിൽ നിന്നൊരു പശുക്കുട്ടിയുണ്ട് പുറത്തേക്ക് തലനീട്ടുന്നു.

അവളാണെന്റെ പിക്കാച്ചു.

---



# വീടും മാങ്ങയും

രചനയും ചിത്രീകരണവും: **അമൻ (അക്കു),**
2 ാം തരം,ഗവ. ഗേൾസ് എൽ പി സ്കൂൾ, വടക്കാഞ്ചേരി, തൃശ്ശൂർ

**ഗു**ഡ് മോണിങ്ങ് വീടേ. എന്തുണ്ട് വിശേഷം?
നല്ല വിശേഷം.
അപ്പുക്കുട്ടൻ എവിടെ?
അവൻ ഏഴുമണിക്ക് സ്കൂളിൽ പോയി.

# ഐസക് അസിമോവ്

## നാളെകളെ സ്വപ്നം കണ്ട എഴുത്തുകാരൻ



പ്രവീൺ ചന്ദ്രൻ

ചിത്രീകരണം: കെ.സതീഷ്




'7 മെയ് 2157. ടോമി ഒരു യഥാർത്ഥ പുസ്തകം കണ്ടെത്തി.' മാർഗിയുടെ കൂട്ടുകാരനാണ് പതിമൂന്ന് വയസ്സുള്ള ടോമി. അവർ അയൽക്കാരാണ്. ടോമിയുടെ വീട്ടിലെ തട്ടിൻ പുറത്ത് നിന്നാണ് അവർക്ക് യഥാർത്ഥ പുസ്തകം കിട്ടിയത്. അവന്റെ മുത്തശ്ശന്റെ മുത്തശ്ശന്റെ കാലത്തെ പുസ്തകമാണത്. പേജുകൾ മടങ്ങിയിരുന്നു. പഴക്കം കൊണ്ട് പേജുകളുടെ നിറം മഞ്ഞയായിരുന്നു. അക്ഷരങ്ങൾ ടി.വി സ്ക്രീനിൽ കാണുന്നതുപോലെ ചലിക്കുന്നവയായിരുന്നില്ല. അവ പേജിൽ ഒട്ടിപ്പിടിച്ചിരിക്കുകയായിരുന്നു. അവൾ ആദ്യമായാണ് ഒരു യഥാർത്ഥ പുസ്തകം കാണുന്നത്. ഒരിക്കൽ വായിച്ച് കഴിഞ്ഞ് ഉപേക്ഷിക്കുന്ന തരം പുസ്തകങ്ങൾ! അവളെ അത് തെല്ലൊന്നുമല്ല അമ്പരപ്പിച്ചത്. ആ പുസ്തകം പണ്ടത്തെ സ്കൂളിനെ പ്പറ്റിയായിരുന്നു. ഒരേ പ്രായത്തിലുള്ള കുട്ടികൾ ഒന്നിച്ചിരുന്ന് മനുഷ്യൻമാരായ അധ്യാപകർ പഠിപ്പിക്കുന്ന സ്കൂൾ. കുറേ കുട്ടികളെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നു. മാർഗിയെ ഒരു റോബോട്ട് വീട്ടിലിരുത്തി പഠിപ്പിക്കുകയാണ്. അവളെ മാത്രല്ല. എല്ലാ കുട്ടികളും അങ്ങനെയാണ്. വീട്ടിൽ നിന്ന് അകലെ കുട്ടികളെല്ലാം ചേർന്ന് സ്കൂൾ എന്ന കെട്ടിടത്തിൽ പോയി പഠിക്കുന്നതിനെപ്പറ്റി മാർഗിക്ക് സങ്കൽപ്പിക്കാനേ പറ്റിയില്ല.


2155 ൽ നടക്കുന്ന ഒരു കഥയാണിത്. നൂറ്റി ഇരുപത്തിയഞ്ച് വർഷം കഴിഞ്ഞ് സംഭവിക്കാനിരിക്കുന്ന കഥ. കഥകൾ എന്ന് കേൾക്കുമ്പോൾ പണ്ടൊരിടത്ത് നടന്ന കഥയാണല്ലോ നമ്മുടെ മനസ്സിൽ വരുന്നത്? എന്നാൽ സയൻസ് ഫിക്ഷൻ എഴുത്തുകാർ വർഷങ്ങൾക്ക് ശേഷം നടക്കാനിരിക്കുന്ന കഥകൾ സങ്കൽപ്പിക്കുന്നു. അതിൽ പലതും പിന്നീട് യാഥാർത്ഥ്യമാകുന്നു. റോക്കറ്റും റോബോട്ടും

കമ്പ്യൂട്ടറും ഗോളാന്തരയാത്രകളും എല്ലാം വർഷങ്ങൾക്ക് മുമ്പ്, ഇതൊന്നുമില്ലാത്ത കാലത്ത്, ശാസ്ത്രകഥാകാരൻമാർ സങ്കൽപ്പിച്ചവയാണ്. അതു പോലെ ഇനിയും എന്തെല്ലാം യാഥാർത്ഥ്യമാകാനിരിക്കുന്നു.

വളരെ പ്രശസ്തനായ ഒരു സയൻസ് ഫിക്ഷൻ എഴുത്തുകാരനായിരുന്നു ഐസക് അസിമോവ്. അദ്ദേഹത്തിന്റെ The fun they had എന്ന കഥയാണ് നേരത്തെ പറഞ്ഞത്. ഐസക് അസിമോവ് 1920 ൽ റഷ്യയിൽ ജനിച്ചു. ജൂഡാ അസിമോവും അന്ന റെയ്ച്ചലുമായിരുന്നു അച്ഛനമ്മമാർ. അവർ അസിമോവിന് മൂന്ന് വയസ്സുള്ളപ്പോൾ അമേരിക്കയിലേക്ക് കുടിയേറി. അച്ഛൻ മധുരപലഹാരങ്ങൾ വിൽക്കുന്ന ഒരു കട നടത്തിയിരുന്നു. അസിമോവ് അച്ഛന്റെ കടയിൽ പോയിരിക്കുമായിരുന്നു. അഞ്ച് വയസ്സിൽ വായിക്കാൻ പഠിച്ച അസിമോവ് അക്കാലത്ത് തന്നെ ലൈബ്രറികളിൽ നിന്ന് പുസ്തകം തേടിപ്പിടിച്ച് വായിക്കാൻ തുടങ്ങി.

രസതന്ത്രം പഠിച്ച അസിമോവ് പിന്നീട് അമേരിക്കയിലെ ബോസ്റ്റൺ യൂനിവേഴ്സിറ്റിയിലെ ബയോകെമിസ്ട്രി പ്രൊഫസറായി.

റോബോട്ടുകളെപ്പറ്റിയും കൃത്രിമ ബുദ്ധിയെപ്പറ്റിയും അദ്ദേഹം ധാരാളം എഴുതിയിട്ടുണ്ട്. റോബോട്ടുകൾ







മനുഷ്യബുദ്ധിയോട് കിടപിടിക്കുന്ന കാലം വരും എന്ന് അസിമോവ് സങ്കൽപ്പിച്ചിരുന്നു. അതുകൊണ്ടു തന്നെ റോബോട്ടുകൾ പാലിക്കേണ്ട ചില നിയമങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. മനുഷ്യന് ഹാനികരമാവാത്ത വിധം പ്രവർത്തിക്കാൻ നിർദ്ദേശിക്കുന്നതാണ് ഈ നിയമങ്ങൾ. അത് ഇപ്പോഴും ചർച്ച ചെയ്യുന്ന വിഷയമാണ്.

ഐസക് അസിമോവ് ധാരാളം എഴുതിയിട്ടുണ്ട്. ശാസ്ത്രകഥകളും നോവലുകളും ശാസ്ത്ര പുസ്തകങ്ങളും മറ്റ് പല വിഷയങ്ങളുമായി അദ്ദേഹം അഞ്ഞൂറോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1992 ഏപ്രിൽ 6 ന് 72 ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു.

# ആനമഴ




**സൈജ എസ്**

*പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്. മുതിർന്നവർ ഇത് വായിച്ചു കൊടുക്കുമല്ലോ.*

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



**കടുവ പറഞ്ഞു :**
നദിയിൽനിന്ന് വെള്ള
മെടുത്ത് വായിൽ നിറച്ച്
ഞാൻ
മഴ
പെയ്യിക്കും.



**സിംഹം പറഞ്ഞു :**
നിന്നേക്കാൾ നന്നായി
ഞാൻ വായകൊണ്ട്
മഴ
പെയ്യിക്കും.

**കുറുക്കൻ പറഞ്ഞു:**
നിങ്ങൾക്കൊക്കെ എന്തറിയാം?
എന്നെപ്പോലെ മഴ
പെയ്യിക്കാൻ ആർക്കുമാവില്ല.



നിർത്ത്...
നിർത്ത്...
എന്റെ
മഴ
കണ്ടിട്ടുണ്ടോ?
വായ തുറന്നു
പിടിച്ചുകൊണ്ട്
പശു പറഞ്ഞു.



**മുയല് പറഞ്ഞു:**
വായിൽ വെള്ളമെടുത്ത്
എനിക്ക്
മഴയും മഴവില്ലും
ഉണ്ടാക്കാനറിയാം.



**വേഴാമ്പൽ**
**പറഞ്ഞു:**
വെള്ളമെടുത്ത്
മുകളിൽ നിന്നും
മഴയായി
എനിക്കും
പെയ്യിക്കാനറിയാം.



പെട്ടെന്നാണ്
ഒരു മഴ
വന്നത്.
വെയിലിൽ മഴവില്ലും ചിതറി.





എല്ലാവരും
നൃത്തംവച്ച്
പാട്ടുപാടി
മഴ
നിന്നു.

മരച്ചോട്ടിൽ നിന്നും
**ഒരാൾ** പതിയെ
നടന്നുവന്നു.





ഒരു

# കൊ മ്പ നാ ന



എനിക്കും **മഴ**
പെയ്യിക്കാനറിയാം. ആന പറഞ്ഞു.
എങ്ങനെയുണ്ടായിരുന്നു
എന്റെ **മഴ**?



**മഴ** പെയ്യിക്കാനെ
ത്തിയവരെല്ലാം
തല താഴ്ത്തി.

**ഓടിപ്പോയി.**



# ആനേം തയ്യൽക്കാരനും

**പാറു**

ചിത്രീകരണം: കെ.സതീഷ്

**കഥനേരം-6**
സുട്ടു പറയുന്ന കഥകൾ

ആനേടേം തയ്യൽക്കാരന്റേം കഥ അമ്മൂമ്മയാണ് സുട്ടൂന് പറഞ്ഞു കൊടുത്തത്. അമ്മൂമ്മ കഥ പറയുമ്പം പകുതി അവളും കൂട്ടിച്ചേർത്തു, അങ്ങനെ ആ കഥ ഇങ്ങനെയായി.

"ഒരു കാട്ടില് ഒരു ആന ണ്ടാര്ന്നു. അവിടെ ഒരു തയ്യൽക്കാരനും ണ്ടാര്ന്നു."

അത് സുട്ടൂനു തീരെ പരിചയമില്ലാത്ത മേഖലയാണ്.

"സുട്ടൂ, അതേയ് നമ്മടെ കുപ്പായം ഒക്കെ തുന്നണ മാമനില്ലേ, ആ മാമനാണത്,"പാത്തു ഒരു വിശദീകരണം കൊടുത്തു.

സുട്ടു തലകുലുക്കി, മനസ്സിലായ മട്ടിൽ!

അമ്മൂമ്മ ബാക്കി പറഞ്ഞു:

"ആ ആനയേ എന്നും കുളിക്കാമ്പോവും."

"ആ... നമ്മടെ തോട്ടിലെ വെള്ളത്തില്, " സുട്ടു!

കാട്ടിൽ, സുട്ടുവിന്റെയാ തോട്ടിൽ കുളിക്കാത്ത ആരും ഇല്ലെന്നായി!

"അതന്നെ, നമ്മടെയാ തോട്ടിൽ ആന എന്നും കുളിക്കാമ്പോവും. അപ്പഴേയ് തയ്യൽക്കാരന്റെ കടേടെ അവടെ എത്തുമ്പോ, തയ്യൽക്കാരൻ എന്നും ആനയ്ക്ക്.."

"ബ്രെഡ് കൊടുക്കും," സുട്ടു!

" ഉംം.. എന്നും കൊടുക്കും. അങ്ങനെ ഒരുദ്ദസം തയ്യൽക്കാരൻ, ആനക്കുട്ടൻ വന്നപ്പോ അവന്റെ തുമ്പിക്കയ്യില് സൂച്യോണ്ട് ഒരൊററക്കുത്ത്."

"അയ്യോ... ആന പേടിച്ചു. കരഞ്ഞൂ ആന,"സുട്ടു പറഞ്ഞു.


"ആനക്കുട്ടൻ ഒന്നും മിണ്ടാതെ തോട്ടില് കുളിക്കാമ്പോയി. തിരിച്ചു വന്നിട്ട്.. തയ്യൽക്കാരന്റെ കടേൽക്ക് തുമ്പിക്കൈ നെറയെ വെള്ളം കൊണ്ടുവന്ന്..."

"ഒറ്റ ഒഴിക്കല്!" സുട്ടൂന് ചിരി വന്നു.

"അയാൾടെ തുണീം സൂചീം മെഷീനും ഒക്കെ നനഞ്ഞു പോയി, സുട്ടൂ".

അമ്മൂമ്മ കഥ നിർത്തി.

"ന്നട്ടേയ്, ആന കാട്ടിൽക്ക് പോകും, തേൻ കുടിക്കാൻ" സുട്ടു കഥ പൂർത്തിയാക്കി.





**പ്രേമജ ഹരീന്ദ്രൻ**

**19**

ചിത്രീകരണം: റോഷൻ

സുപ്പുവിന് ഇപ്പോൾ നല്ല തിരക്കാണ്. അവന്റെ പച്ചക്കറിത്തോട്ടത്തിൽ പയറും വെണ്ടയും ചീരയും വെള്ളരിയും പാവലും പടവലവുമൊക്കെയുണ്ട്. സഹായത്തിന് നന്ദുവുമുണ്ട്. പലഹാരത്തിന്റെ പണി കഴിഞ്ഞാൽ ഉമ്മയും എത്തും കള പറിക്കാനും വളമിടാനും.

സുപ്പുവിന്റെ വീടിനു തൊട്ടടുത്ത പറമ്പ് വളരെക്കാലമായി തരിശായിക്കിടക്കുകയായിരുന്നു. ഉടമസ്ഥൻ വളരെ ദൂരെയാണ്. അദ്ദേഹത്തോടന്വേഷിച്ച് സമ്മതം വാങ്ങിയാണ് സുപ്പു കൃഷി തുടങ്ങിയത്. അദ്ദേഹത്തിനും അത് വളരെ സന്തോഷമുള്ള കാര്യമായിരുന്നു. 'പറമ്പ് ഒന്ന് മാറിയതുപോലെ അവന് തോന്നാറുണ്ട്. അല്ലെങ്കിൽ തന്നെ അതൊന്നും ആലോചിച്ച് സങ്കടപ്പെടാൻ മുമ്പത്തെപ്പോലെ സുപ്പുവിന് സമയമില്ലല്ലോ. ആത്മവിശ്വാസമാണ് ഏറ്റവും വലിയ ശക്തിയും സൗന്ദര്യവും എന്ന് അവനിപ്പോളറിയാം.

ഒഴിവുസമയങ്ങളിൽ അടുത്തുള്ള ലൈബ്രറിയിൽ പോയി പുസ്തകമെടുത്തു കൊണ്ടുവരും. മാവിന്റെ കൊമ്പിൽ കയറിയിരുന്ന് വായിക്കും. ആരു വിളിച്ചാലും അപ്പോൾ അവൻ അറിയുകയേയില്ല. സുപ്പു വലിയ വലിയ പുസ്തകങ്ങൾ വായിക്കുന്നത് കാണുന്നത് ഉമ്മയ്ക്കും വലിയ സന്തോഷമാണ്. മകൻ ഒരു വലിയ ആളായിത്തീരു

# ഭൂമിയിലെ നക്ഷത്രങ്ങൾ

ഇളകിക്കിട്ടുമല്ലോ. ഒന്ന് പച്ചപിടിച്ചു കാണുമല്ലോ. എന്റെ മക്കൾക്കൊന്നും അതിലൊന്നും താൽപ്പര്യമില്ല. എല്ലാവരും വിദേശത്താണ്. മോനെക്കൊണ്ട് കഴിയുന്നത് ചെയ്തോ,' എന്നാണദ്ദേഹം സുപ്പുവിനോട് പറഞ്ഞത്.

കാട്ടുപിടിച്ചു കിടന്ന പറമ്പ് വൃത്തിയാക്കിയെടുക്കാൻ സുപ്പു നന്നായി ബുദ്ധിമുട്ടി. പക്ഷേ, ഇപ്പോൾ ഇടതുകാലിന്റെ സ്വാധീനക്കുറവ് കുറേ

**കടങ്കവിത**

**ഡിസംബർ 1 ഉത്തരം**

**ശീമക്കൊന്ന**



മെന്ന് ആ ഉമ്മ സ്വപ്നം കണ്ടു.


പുസ്തകങ്ങളിലെ എഴുത്ത് ചൂണ്ടിക്കാട്ടി ഉമ്മ ചോദിക്കും.

"മോനേ, ഇതിലെഴുതിയ കഥയെന്താ? ഉമ്മയ്ക്കും പറഞ്ഞുതാ."

സുപ്പു ചിരിക്കും. "ഉമ്മാ ഇത് കഥയല്ല. ആകാശത്തെക്കുറിച്ചുള്ള പുസ്തകമാ." 'കഥയല്ലാതെ പിന്നെന്താ ഈ ബുക്കിലൊക്കെ ഇങ്ങനെ അച്ചടിച്ചു വര്ന്നത്? ആകാശത്തെക്കുറിച്ച് എന്തുപറയാനാ?' ഉമ്മയ്ക്ക് പിടികിട്ടാറേയില്ല.

കൃഷി ഓഫീസർ ഓരോ വീട്ടിലും ചെന്ന് കുട്ടികളുടെ പച്ചക്കറിത്തോട്ടം കാണുമെന്ന അറിയിപ്പ് സ്കൂളിൽ എത്തി. ഹെഡ്മാസ്റ്ററും വിനയട്ടീച്ചറും ലൈലട്ടീച്ചറും കൃഷി ഓഫീസറും പഞ്ചായത്ത് പ്രസിഡണ്ടും പിന്നെ കുറച്ച് നാട്ടുകാരും അടങ്ങിയ ഒരു വലിയ സംഘമാണ് കുട്ടികളുടെ പച്ചക്കറിത്തോട്ടം കാണാനായി പുറപ്പെട്ടത്.

മിക്ക കുട്ടികളും കാര്യമായി ഒന്നും ചെയ്തിട്ടില്ലായിരുന്നു. അൽപ്പം പയറോ ഏതാനും വെണ്ടയോ



അങ്ങനെ ചിലത് മാത്രം. സുപ്പുവിന്റെ വീട്ടിലെത്തിയ കൃഷി ഓഫീസറും കൂട്ടരും അമ്പരന്നുപോയി.

ഏതാണ് മെച്ചം. എങ്ങോട്ട് നോക്കണം എന്നു പറയാനാവാത്ത അവസ്ഥ. നല്ല സ്വർണനിറത്തിൽ വെള്ളരിക്കകൾ. പയർവള്ളികളിൽ നിറയെ തൂങ്ങിക്കിടക്കുന്ന നീളമുള്ള പയറുകൾ. കുടം കമഴ്ത്തിയതുപോലെ വലുപ്പമുള്ള മത്തങ്ങകൾ. ഓരോന്നും കാണാൻ തന്നെ എന്തൊരഴക്!

സുപ്പുവിനെ തോട്ടത്തിനകത്തു നിർത്തി ഓഫീസർ കുറേ ഫോട്ടോകളെടുത്തു.

"സാർ ഇതൊരു കൊച്ചുകുട്ടിയുടെ തോട്ടമാണെന്ന് വിശ്വസിക്കാനേ വയ്യ. എന്തൊരത്ഭുതമാണ്! ഇത്രയും നന്നായി ഈ തോട്ടം പരിപാലിച്ച ഇവനെ പ്രത്യേകം അഭിനന്ദിക്കുകതന്നെ വേണം."

കൃഷി ഓഫീസർ ഹെഡ്മാസ്റ്ററോടായി പറഞ്ഞു.

"മാഷേ, എന്റെ തോട്ടത്തിലെ പച്ചക്കറികൾ സ്കൂളിലെ ഉച്ചഭക്ഷണത്തിനായി തരണമെന്നാണ് എന്റെയും ഉമ്മയുടെയും ആഗ്രഹം."

സുപ്പു പറഞ്ഞതുകേട്ട് കൂടെയുണ്ടായിരുന്ന കുട്ടികളെല്ലാം കയ്യടിച്ചു. ഹെഡ്മാസ്റ്റർ പറഞ്ഞു.

"നല്ല കാര്യം തന്നെ സുപ്പൂ. ഫ്രഷ് ആയ ഇത്രയും പച്ചക്കറികൾ സ്കൂളിലെ ഉച്ചഭക്ഷണത്തിന് കിട്ടുകയെന്നത് വളരെ നല്ല കാര്യം തന്നെ. നിന്റെ നല്ല മനസ്സിനെ ഞങ്ങളെല്ലാവരും അഭിനന്ദിക്കുന്നു. പക്ഷേ, നിന്റെ അധ്വാനത്തിന് നിനക്ക് കൂലി ലഭിക്കണം. അതുകൊണ്ട് കൃത്യമായ വില തന്നേ ഞങ്ങൾ ഇതു കൊണ്ടുപോകൂ കേട്ടോ."

"അതെ സാർ, അതാണു ശരി." വിനയട്ടീച്ചർ അതിനെ പിന്താങ്ങി.

രണ്ടുദിവസം കഴിഞ്ഞുള്ള ഞായറാഴ്ച സുപ്പു ഉണർന്നത് വിനയട്ടീച്ചറുടെ വിളി കേട്ടായിരുന്നു.

എന്താ ടീച്ചർ ഇത്ര രാവിലെ? സുപ്പുവിന് അതിശയം തോന്നി. ഉമ്മയും അവനോടൊപ്പം പുറത്തിറങ്ങി.

ടീച്ചർ കയ്യിലൊരു പത്രവും ഉയർത്തിപ്പിടിച്ച് നിൽപ്പാണ്.

"ഇത് നോക്ക് സുപ്പൂ" ടീച്ചറുടെ മുഖത്ത് ഇത്രയും സന്തോഷം ഒരിക്കലും കണ്ടിട്ടില്ല.

ടീച്ചർ നീട്ടിയ പത്രത്തിലെ ഫോട്ടോ സുപ്പു നോക്കി. 'ങേ! ഇത് ഞാനാണല്ലോ!! അവൻ ആ വാർത്ത വായിച്ചു. "അഭിമാനമായി കുട്ടിക്കർഷകൻ."

സുപ്പുവിനെക്കുറിച്ച് വിശദമായി ഒരു റിപ്പോർട്ട് തന്നെയായിരുന്നു അത്. കൃഷി ഓഫീസറുടേതാണ് എഴുത്ത്.

ഉമ്മ സന്തോഷം കൊണ്ട് സുപ്പുവിനെ കെട്ടിപ്പിടിച്ച് കരഞ്ഞു. ടീച്ചറുടെ മുഖവും സന്തോഷം കൊണ്ട് തിളങ്ങുന്നുവെന്ന് സുപ്പു കണ്ടുപിടിച്ചു.

(തുടരും)

# അക്ഷരപ്പെട്ടി



**ശാന്തിദേവി.കെ.ആർ**

ചിത്രീകരണം: രാജീവ് എൻ ടി



ഓടി വരൂ കുട്ടികളെ... ദാ.... നോക്കൂ... ഇതൊരു മാന്ത്രികപ്പെട്ടിയാണ്. നിങ്ങൾ എന്താവശ്യപ്പെട്ടാലും ഈ പെട്ടി തരും... വരൂ കുഞ്ഞുങ്ങളെ...

കുട്ടികൾ ചുറ്റും നിറഞ്ഞപ്പോൾ അമ്മൂമ്മ പെട്ടി തുറന്നു. പെട്ടിയിൽ നിന്ന് ശബ്ദങ്ങളായി അക്ഷരങ്ങൾ പുറത്തുചാടി.

അമ്മൂമ്മ ചുവന്നുതുടുത്ത മഞ്ചാടിക്കുരുവിന്റെ കഥ പറയാൻ തുടങ്ങി:

"അന്തിച്ചോപ്പ് കട്ടെടുത്ത് മഞ്ചാടിക്കുരു കായക്കുള്ളിൽ ഒളിച്ചിരുന്നു!!

വെയിൽ മാറി മഴ വന്നപ്പോൾ കള്ളനെ കണ്ടുപിടിക്കാൻ കാറ്റ് മരച്ചില്ലകളിൽ ചുറ്റിക്കറങ്ങി. കാറ്റിന് കള്ളനെ പിടിക്കാൻ കഴിഞ്ഞില്ല.

കാറ്റിനെ പറ്റിച്ച മഞ്ചാടിക്കുരു കായക്കുള്ളിലിരുന്ന് പൊട്ടിച്ചിരിച്ചു. പൊട്ടിപ്പൊട്ടി ചിരിച്ചപ്പോൾ കായ പൊട്ടി. കായക്കുള്ളിൽനിന്ന് പിടിവിട്ട് മഞ്ചാടിക്കുരു താഴെ വീണു.

കുട്ടികൾ തലയാട്ടിച്ചിരിച്ചു.

'ഇനീം... ഇനീം... അവർ ആർത്തു വിളിച്ചു.

'ഇനി നാളെ... '

അമ്മൂമ്മ പെട്ടി അടയ്ക്കാൻശ്രമിച്ചു.

പക്ഷേ, അക്ഷരങ്ങൾ ഓടിക്കളഞ്ഞു. അവർ അടുത്തു കണ്ട അങ്കണവാടിയിൽ കയറി.

അക്ഷരങ്ങൾ ടീച്ചറുടെ ചുണ്ടിൽ പറ്റിയിരുന്നു.

ടീച്ചർ പാട്ടുപാടി:

"കുഞ്ഞിക്കാക്കെ... കുറുമ്പിക്കാക്കെ...
കൂട്ടിൽ കുഞ്ഞിക്കുയിലുണ്ടോ?"
"കൂട്ടിലുള്ളതു കുഞ്ഞുങ്ങൾ
കൂട്ടുകൂടി കുഞ്ഞുങ്ങൾ
തീറ്റ തരുന്നതു കാക്കമ്മ ....
പാടിയുറക്കാൻ കുയിലച്ഛൻ..."




കുട്ടികൾ കയ്യടിച്ചു... ആർപ്പുവിളിച്ചു.

അമ്മൂമ്മ  പെട്ടിയുമായി അങ്കണവാടിയിലേക്കു വന്നു. അക്ഷരങ്ങൾ അമ്മൂമ്മയെ പറ്റിച്ച് വീണ്ടും ഓടി.

അവർ നേഴ്സറിയിലേക്കു കയറി.

ശ്ശോ... എന്തോരം കുട്ടികൾ!!  ഒരുപോലെ ഉടുപ്പിട്ട കുഞ്ഞുങ്ങൾ!

ഇനി ഇവിടെ കൂടാം, പാട്ടുപാടാം, കഥ പറയാം... അക്ഷരങ്ങൾക്ക് സന്തോഷമായി.

ടീച്ചർ വന്നു

കുട്ടികളെയെല്ലാം നോക്കി, ചോക്ക് കയ്യിലെടുത്തു.

"ശ്രദ്ധിക്കൂ ! ഞാൻ എഴുതുന്നതു നോക്കി എഴുതൂ.."

കുഞ്ഞുങ്ങളുടെ കയ്യുകൾ വിറച്ചു... കണ്ണുകൾ നിറഞ്ഞു...

അക്ഷരങ്ങൾ പേടിച്ചു.

അമ്മൂമ്മയുടെ പെട്ടിയിൽ കയറിയിരിക്കാൻ അക്ഷരങ്ങൾ പുറത്തേക്കോടി...

അടഞ്ഞ വാതിൽ തുറക്കാൻ കഴിയാതെ അക്ഷരങ്ങൾ ഉറക്കെ... ഉറക്കെ... കരഞ്ഞു.



# യു-മെയിൽ



**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

## പേരിലെ രഹസ്യം

**യു**റീക്കാ മാമാ ഒരു സംശയമാണേ. ഞാൻ ലൂക്ക ഓൺലൈൻ മാഗസിൻ വായിച്ചിട്ടുണ്ടായിരുന്നു. അതെനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു. അപ്പോഴാണ് സംശയം തോന്നിയത്. ലൂക്കയ്യെന്താ ഈ പേര് വന്നത്? പിന്നെ ലൂക്കയുടെ പരീക്ഷണ മത്സരത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ഒരു കാര്യവും കൂടി പറഞ്ഞിട്ട് ഈ കത്ത് ഞാൻ നിർത്തുകയാണ്. ഞാൻ ഞാറ്റടിയിൽ ഒരു കഥ എഴുതിയിടുന്നുണ്ട് കേട്ടോ.

**നിരുപമ വി എം,** വഴി നടക്കൽ ഹൗസ്, മാടവന, കൊടുങ്ങല്ലൂർ

*ഇന്നുള്ള എല്ലാ ജീവിവിഭാഗങ്ങളുടെയും പൊതു പൂർവികയാ(നാ)യി ഒരു ഏക കോശജീവിയെ സങ്കൽപ്പിക്കുന്നു. അതാണ് ലൂക്ക. Last Universal Common Ancestor എന്നതിന്റെ ചുരുക്കരൂപമാണ് Luca. അവസാനത്തെ പൊതു പൂർവിക(ൻ) എന്ന് പറയാം. വളരെ വിശദമായി മനസ്സിലാക്കണമെങ്കിൽ നിരുപമ കുറച്ചുകൂടി മുതിരേണ്ടി വരും.*

## കൊറോണ വിശേഷങ്ങൾ

**ലോ**ക്ക്ഡൗൺ തുടങ്ങിയ അന്നു മുതൽ എനിക്ക് പേടിയായിരുന്നു. ഞാൻ ആരോഗ്യപ്രവർത്തകർ പറയുന്നതുപോലെ മാസ്കും സാനിറ്റൈസറും ഉപയോഗിച്ചു. എന്റെ അച്ഛൻ മലപ്പുറത്ത് തിരൂർ ആശുപത്രിയിലാണ്. അച്ഛൻ ഓരോ പ്രാവശ്യം വരുമ്പോഴും ക്വാറന്റൈനിലാണ്.

**കിഷൻ രാജ് എം,** പനമ്പറ്റ ന്യൂ യു.പി.സ്കൂൾ, വടക്കയിൽ ഹൗസ്, മാലൂർ പി.ഒ., കണ്ണൂർ

## അധ്വാനഫലം

**വേ**ട്ടാളൻ കൂടുണ്ടാക്കുന്നത് ഞാൻ ആദ്യമായി കണ്ടു. അമ്മയാണ് എനിക്കത് കാണിച്ചുതന്നത്. എന്ത് അത്ഭുതമാണെന്നോ അത്. ഒരു പ്ലാസ്റ്റിക് ഡപ്പയുടെ മുകളിലായിരുന്നു നിർമാണം. ആദ്യം മണ്ണുകൊണ്ട് വൃത്താകൃതിയിൽ ചുമര് കെട്ടും. നമ്മൾ നോക്കുന്നുണ്ടെന്ന് മനസ്സിലായാൽ ഉടൻ അവിടെനിന്നും പോവും.



വായും മുൻകാലും ഉപയോഗിച്ചാണ് കൂട് നിർമാണം. മണ്ണ് എങ്ങനെയാണ് കൊണ്ടുവരുന്നതെന്ന് എത്ര നോക്കിയിട്ടും എനിക്ക് മനസ്സിലായില്ല. കൂടിനു മുകളിൽ ഒരു ദ്വാരം മാത്രം. ബാക്കിയെല്ലാം അടയ്ക്കുന്നു. നിർമാണം കഴിഞ്ഞതിനുശേഷം അതിനുള്ളിലേക്ക് എന്തോ ഇറക്കിവച്ചു. പക്ഷേ, വേട്ടാളൻ കൂട്ടിലേക്ക് കയറിയതേയില്ല. ദ്വാരത്തിനുചുറ്റും എന്തു ഭംഗിയാ കാണാൻ. ഒരു മൺപാത്രം ഉണ്ടാക്കിയപോലെ തോന്നും. കൂടുനിർമാണത്തിന് ശേഷം വേട്ടാളനെ കണ്ടതേയില്ല. മനുഷ്യനെപ്പോലെയല്ല, പരിസ്ഥിതിക്ക് ദോഷം വരുത്താതെ ഉറപ്പുള്ള ഒരു വീട് സ്വന്തം അധ്വാനംകൊണ്ട് അതിന് ഉണ്ടാക്കാനായല്ലോ.

**രശ്മി കെ,** കൂട്ടാല വീട്, മങ്ങോട് പി.ഒ. പാലക്കാട്- 679503

# അമ്മയാണ് മലയാളം



**ഞാ**നിപ്പോൾ മലയാളം മീഡിയത്തിലാണ് പഠിക്കുന്നത്. വിക്ടേഴ്സ് ചാനലിൽ വരുന്ന പാഠഭാഗങ്ങളും പ്രവർത്തനങ്ങളും തനിയെ മനസ്സിലാക്കാനും എഴുതാനും കഴിയുന്നുണ്ട്. നാലാം ക്ലാസിലെ 'ഇലയ്ക്കുമുണ്ട് പറയാൻ' എന്ന പാഠം മലയാളത്തിൽ കൂടുതൽ മനസ്സിലാക്കാനായി. 'സ്വാതന്ത്ര്യത്തിലേക്ക്' എന്ന പാഠഭാഗം വായിച്ച് ഞാൻ തനിയെ ക്വിസ് ഉണ്ടാക്കി. മലയാളത്തിന്റെ പ്രയാസം മാറിയപ്പോൾ ആസ്വാദനക്കുറിപ്പ് എഴുതാൻ തുടങ്ങി. പിന്നെ മനസ്സിൽ വരുന്ന ഓരോന്നും വാചകങ്ങളായും വിവരണങ്ങളായും എഴുതാൻ തുടങ്ങി. നിരീക്ഷണക്കുറിപ്പും ജീവചരിത്രക്കുറിപ്പും എഴുതിക്കഴിഞ്ഞപ്പോൾ കുട്ടിക്കഥകളും കുട്ടിക്കവിതകളും ഞാൻ എഴുതി. അവരവരുടെ മാതൃഭാഷയിൽ എന്ത് കാര്യവും പഠിച്ചാൽ ഓർമയിൽ നിൽക്കുമെന്ന് ഞാനറിയുന്നു. ഇത്രയുമൊക്കെ എനിക്ക് എഴുതാനായത് എന്റെ മലയാളത്തിലായതുകൊണ്ടാണ്. മലയാളം എനിക്കിപ്പോൾ അമ്മയെപ്പോലെയാണ്.

**ആരാധ്യ എസ് അനിൽകുമാർ,** എസ്.സി.വി.എച്ച്.എസ്.എസ്. കൊറ്റനാട്, പത്തനംതിട്ട.

# ഞാനും ഉറ്റുനോക്കി

**എ**ന്തായാലും ലോകജനത കാത്തിരുന്ന ഒരു തെരഞ്ഞെടുപ്പു ഫലമായിരുന്നു ജോ ബൈഡന്റേത്. അദ്ദേഹം പ്രസിഡണ്ടാവണമെന്നാണ് ഞാനും ആഗ്രഹിച്ചത്. നമ്മുടെ നാട്ടിൽ നടന്ന തെരഞ്ഞെടുപ്പിനോളം പ്രാധാന്യം വാർത്താ മാധ്യമങ്ങൾ അതിന് നൽകി. അമേരിക്കയുടെ തീരുമാനങ്ങൾ മറ്റു ലോകരാജ്യങ്ങളെയും അവിടുത്തെ ജനങ്ങളെയും ബാധിക്കുമെന്നുള്ളതാണോ ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം? ലോക പോലീസായി മറ്റു രാജ്യങ്ങളുടെ കാര്യങ്ങളിൽ കൈകടത്തി സൂപ്പർപവർ ഉപയോഗിക്കുന്നതുകൊണ്ടാവാം ജനങ്ങൾ ആകാംക്ഷയോടെ അമേരിക്കയിലേക്ക് ഉറ്റുനോക്കിയത്.



**ദാനിഷ് എൻ,** നെച്ചിയങ്ങൽ വീട്, അരീക്കാട്, തലക്കടത്തൂർ പി.ഒ., മലപ്പുറം 676 163

# കായ പിടിക്കുന്നില്ല

**എ**ന്റെ ഇഷ്ടമരമാണ് സപ്പോട്ടമരം. ഞാൻ തൈ നട്ടു. ഓരോ ഇലയും വരുമ്പോൾ എന്ത് സന്തോഷമായിരുന്നെന്നോ എനിക്ക്. അങ്ങനെ കാത്തിരുന്ന് കാത്തിരുന്ന് അത് വളർന്നു. പക്ഷേ, അതിൽ സപ്പോട്ട പിടിക്കുന്നില്ല. എന്താണെന്ന് എനിക്കറിയില്ല.

**പഞ്ചമി കെ,** 6 ാം തരം, എസ്.കെ.ജി.എം.എ.യു.പി.എസ്, കമ്പളപ്പള്ളി, കാസറഗോഡ്.

# ഒഴിവുകാലം



നാണു ആയഞ്ചേരി



ചിത്രീകരണം : സൂരജ് കക്കറയിൽ

കലപിലയങ്ങനെ പാടിയലഞ്ഞും
കരിയില ചുറ്റും വാരിയെറിഞ്ഞും
ഇടവഴി തന്നിലിരുന്നു കളിച്ചും
ഇടതടവില്ലാതോടിയൊളിച്ചും
മാവിൻകൊമ്പിൽ കേറി മറിഞ്ഞും
മാമ്പഴമൊന്നു കടിച്ചു രസിച്ചും
പാടവരമ്പിലിരുന്നു തളർന്നും
പൊടിപടലങ്ങളിൽ മുങ്ങി നിവർന്നും
കുഞ്ഞിക്കാറ്റിനുമുണ്ടല്ലോ, ഈ
അവധിക്കാലം, ആഘോഷം!

*

# പൂവ്




റഫീക്ക് പൂനത്ത്

വാനംനോക്കി ചിരിച്ചും...
തെന്നലിലൂഞ്ഞാലാടിക്കളിച്ചും
കാറ്റിൻതുമ്പത്ത് പൂമണം തേച്ചും
പൊൻവെയിൽ ദേഹത്തണിഞ്ഞും
പൊൻപുലരി വന്ന് സമ്മാനം നൽകിയ
മുക്കുത്തി ചേലിലണിഞ്ഞും
നിൽക്കുന്നതാരിത്!! പൂവിൻ പുഞ്ചിരി
കുഞ്ഞിളം കണ്ണിൽ വിരിഞ്ഞു.
പൂവല്ല! പൂക്കാലമായാ കാഴ്ചകൾ
കുഞ്ഞിന്നുള്ളിൽ പടർന്നു
പൂങ്കാറ്റ് കവിതയായ് മൂളീ... മനം
ചന്തത്തിൽ മയിലുപോലാടീ...

*



Volume 42 No. 14 Eureka 2020 December 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.




ഇമ്പമായ് വിരിയുന്ന പൂവുകൾ തൊടികളിൽ
തുമ്പയുമുണ്ട്, മഴ തരുന്ന മഹോത്സവം.

ചിത്രവും വരിയും :
വിശ്വൻ – 9207 008 943

Date of Publication : 09/12/2020 EUREKA Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78

# കുരുന്നില

കുഞ്ഞുങ്ങൾക്കും
രക്ഷിതാക്കൾക്കും
പ്രീസ്കൂൾ പ്രവർത്തകർക്കും
കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ഉപഹാരം




അഞ്ചുവയസ്സ് വരെ ഉള്ളവർക്ക് കാണാനും പറയാനും വായിച്ചുകേൾക്കാനും
അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക് കാണാനും വായിച്ചുതുടങ്ങാനും

ഇപ്പോൾ
പോസ്റ്റ് പബ്ലിക്കേഷൻ ഓഫർ

പ്രത്യേക വില
₹ 1500/-

75 രചനകൾ
34 പുസ്തകങ്ങൾ 10 കാർഡുകൾ
31 എഴുത്തുകാർ 30 ചിത്രമെഴുത്തുകാർ
മേന്മയുള്ള കടലാസ്
600 ൽ അധികം പേജുകൾ

പ്രാദേശിക പരിഷത്ത് പ്രവർത്തകരെ
ബന്ധപ്പെടുക.
നേരിട്ട് തപാലിൽ ലഭിക്കാൻ
പണമടയ്ക്കുക :
A/C No: 10256537630
(SBI - THRISSUR

IFSC - SBIN0008679
NAME: TREASURER, KSSP



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**
പരിസരകേന്ദ്രം, പരിഷത്ത് ലെയിൻ, ഗുരുവായൂർ റോഡ്, തൃശ്ശൂർ 680 004
ഫോൺ: 0487 2381084, 9446382813, E mail: publicationkssp@gmail.com